മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*91)

**റീസർവ്വേയിൽ കണ്ടെത്തുന്ന അധിക ഭൂമി**

(*91.) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടക്കുന്ന ഡിജിറ്റൽ റീ-സർവ്വേയിൽ സ്വകാര്യ വ്യക്തികളുടെ ഭൂമിയുടെ വിസ്തീർണ്ണം കൈവശരേഖയിൽ ഉള്ളതിനേക്കാൾ കൂടുതലാണെന്ന് കണ്ടെത്തിയാൽ അധികഭൂമി കൈവശക്കാരന് പതിച്ച് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ പതിച്ച് നൽകുന്ന ഭൂമിയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നിബന്ധനകൾക്ക് വിധേയമായി പതിച്ച് നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) റീ-സർവ്വേ നടപടികളുടെ ഭാഗമായി ഓരോ ജില്ലയിലും സ്വകാര്യ വ്യക്തികൾ അധികമായി കൈവശം വച്ചിട്ടുള്ള ഭൂമിയും അവകാശികൾ ഇല്ലാത്ത ഭൂമിയും സർക്കാർ ഭൂമിയും കണ്ടെത്തി ലാൻഡ് ബാങ്കിൽ

ഉൾപ്പെടുത്തി ഭൂരഹിതരും ഭവനരഹിതരുമായവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, (എ & ബി) റീ-സർവ്വേയ്ക്കുശേഷം വിസ്തീർണ്ണ വർദ്ധനവ് വരുന്ന കേസുകളിൽ റീ-സർവ്വേയ്ക്ക് മുൻപ് ആധാര പ്രകാരം പോക്കുവരവ് ചെയ്ത് കരമൊടുക്കി വന്നതിന്റെ അടിസ്ഥാനത്തിലും വിസ്തീർണ്ണം കുറവുള്ള കേസുകളിൽ കൈവശത്തിലുള്ള ഭൂമിയ്ക്കും, കരം ഒടുക്കി നൽകുന്നതിന് സമ്മതമാണെന്ന് അറിയിച്ചുകൊണ്ട്, ബന്ധപ്പെട്ട കക്ഷി ഡിക്ലറേഷൻ നൽകുന്ന സംഗതിയിൽ, അവയ്ക്ക് കരം തീർത്ത് നൽകുന്നതിന് 21-04-2022 സ.ഉ (കൈ) നം.110/2022/റവ. നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. റീസർവ്വേയ്ക്ക് ശേഷം സ്വകാര്യ വ്യക്തികളുടെ ഭൂമിയുടെ വിസ്തീർണ്ണം കൈവശ രേഖയിൽ ഉള്ളതിനേക്കാൾ കൂടുതലാണെന്ന് കണ്ടെത്തിയാൽ അധിക ഭൂമിയ്ക്ക് ഉടമസ്ഥത നൽകുന്ന വിഷയത്തിൽ നിയമനിർമ്മാണം ഉൾപ്പെടെയുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരികയാണ്. റീസർവ്വേ പ്രവർത്തനസമയത്തിലും ഭൂപരിപാലന ജോലിയിലും റവന്യൂ സർവ്വേ നിയമസമന്വയമില്ലാത്തതിനാൽ തീരുമാനങ്ങളെടുക്കാൻ

കഴിയാതിരിക്കുകയും റിക്കാർഡുകളിലെ അവ്യക്തതയും കാരണം സമയബന്ധിതമായി ജോലികൾ പൂർത്തിയാക്കുന്നതിന് സാധിക്കാതെ വരുന്നു. തന്മൂലം സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയാലും ഇത്തരം ഭൂപ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ നിരവധി ഭൂപരാതികൾക്ക് ഇടയാക്കുന്നു. സർവ്വേ ജോലിയിൽ നേരിടുന്ന ഇത്തരം പ്രശ്നങ്ങൾ സർവ്വേ ഉദ്യോഗസ്ഥർക്ക് മാത്രമായി പരിഹരിക്കാൻ സാധിക്കുന്നതല്ല. സർവ്വേ റവന്യൂ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ മാത്രമേ ഇതിന് പരിഹാരം കാണുന്നതിന് സാധിക്കുകയുള്ളൂ. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ഭാഗമായി റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ ഒരു സെറ്റിൽമെന്റ് സംവിധാനം തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) 1964-ലെ കേരള സർവ്വേ അതിരടയാള ചട്ടങ്ങളിലെ ചട്ടം 83 പ്രകാരം, സ്വകാര്യ വ്യക്തികളുടെ ഭൂമിയോടുചേർന്ന് കിടക്കുന്ന സർക്കാർ ഭൂമിയുടെ വിസ്തീർണ്ണം കുറവാകുകയും, സ്വകാര്യ ഭൂമിക്ക് വിസ്തീർണ്ണം കൂടുതലുമായാൽ, പുറമ്പോക്ക് കയ്യേറ്റമെന്ന് കണക്കാക്കി, കൂടുതലായ സ്വകാര്യ ഭൂമി പുറമ്പോക്കിലേക്ക് കൂട്ടിച്ചേർക്കേണ്ടതാണെന്ന് വ്യവസ്ഥ

ചെയ്തിട്ടുണ്ട്. അവകാശികൾ ഇല്ലാത്ത സ്വകാര്യ ഭൂമികൾ 1964-ലെ കേരള അന്യം നിന്ന വസ്തുക്കൾ കണ്ടെടുക്കൽ നിയമപ്രകാരം ഏറ്റെടുത്ത് ഭൂരഹിതർക്ക് പതിച്ച് കൊടുക്കുന്നുണ്ട്. ഡിജിറ്റൽ സർവ്വേ പൂർത്തിയാകുന്നതോടെ ഇത്തരത്തിലുള്ള മുഴുവൻ ഭൂമിയും കണ്ടെത്തി സംരക്ഷിക്കുന്നതിനും തുടർന്ന് അർഹരായ ഭൂരഹിതർക്ക് പതിച്ച് കൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ജനോപകാരപ്രദമായ നിരവധി പ്രവർത്തനങ്ങളിലൂടെ വിഷൻ & മിഷൻ പദ്ധതി റവന്യൂ വകുപ്പ് ഏറ്റെടുത്ത് വിപ്ലകരമായ മാറ്റമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന് അങ്ങയെ ഞാൻ അഭിനന്ദിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനം, 1966-ൽ ആരംഭിച്ച റീ-സർവ്വെ പ്രക്രിയ 1666 വില്ലേജുകളിൽ 911 എണ്ണം മാത്രം ഇതുവരെ പൂർത്തിയാക്കിയപ്പോൾ വരുന്ന നാലുവർഷംകൊണ്ട് ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കാനുള്ള റവന്യൂ വകുപ്പിന്റെ പ്രവർത്തനം അഭിനന്ദനാർഹമാണ്. അതിൽ ഡിജിറ്റൽ സർവ്വേ കൊണ്ടുള്ള ഗുണങ്ങൾ എന്തൊക്കയാണ്; റവന്യൂ രേഖകളുടെ പൂർണ്ണമായ ഡിജിറ്റൈസേഷൻ ഇതുമായി ബന്ധപ്പെട്ട് നടത്താൻ കഴിയുമോ?

ശ്രീ. കെ. രാജൻ: സർ, ഈ ഡിജിറ്റൽ റീ-സർവ്വെ കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കേരളത്തിനാകെ ഉപകാരപ്രദമായ പദ്ധതിയെന്ന നിലയിൽ വലിയ മാസ്റ്റർ പ്ലാനായി മുന്നോട്ടുകൊണ്ടുപോകുകയാണ്. 807 കോടി 98 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് ഡിജിറ്റൽ റീ-സർവ്വേ നടപടികൾ നടത്തുമ്പോൾ കേരളം ആ കാര്യത്തിൽ വലിയ നേട്ടമാണ് പ്രതീക്ഷിക്കുന്നത്. അത് 858 കോടി രൂപയിലേയ്ക്ക് ഇപ്പോൾ ക്യാബിനറ്റ് പ്രത്യേകമായി ആലോചിച്ച് ഉയർത്തുകയും ചെയ്തു. കേരളത്തിലെ എല്ലാ ഭൂമിയ്ക്കും രേഖയുണ്ടാക്കി കൊടുക്കുക, ആരുടെയൊക്കെ കയ്യിലാണ് ഭൂമിയിരിക്കുന്നതെന്ന് സമഗ്രമായി പഠിക്കാൻ കഴിയുക തുടങ്ങി കേരളത്തിൽ നിലനിൽക്കുന്ന ഭൂമിയുടെ ക്രയവിക്രയവുമായി ബന്ധപ്പെട്ട സകല പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ ഡിജിറ്റൽ റീ-സർവ്വേയിലൂടെ സാധിക്കുമെന്നുതന്നെയാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ഇതോടൊപ്പംതന്നെ ടോപ്പോഗ്രാഫിക്കൽ സർവ്വെ കൂടി ഡിജിറ്റൽ സർവ്വേയുടെ ഭാഗമായി കേരളത്തിൽ നടക്കും. ഇത് നാലുവർഷക്കാലംകൊണ്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. നാലുവർഷക്കാലംകൊണ്ട് ഡിജിറ്റൽ റീ-സർവ്വേ പൂർത്തിയാക്കുന്നമുറയ്ക്ക്

എൽ.ആർ.എം. കേസുകളിൽ വർദ്ധനവുണ്ടാക്കാത്ത വിധത്തിൽ അതിനെ നമുക്ക് കൊണ്ടുപോകാൻ കഴിയും. 'എന്റെ ഭൂമി' എന്ന പേരിൽ ഇന്റഗ്രേറ്റഡായ ഒരു ഏകജാലക സംവിധാനംകൂടി ഇതിന്റെ ഭാഗമായി ഉന്നയിക്കുകയാണ്. രജിസ്ട്രേഷൻ വകുപ്പിന്റെ ഭാഗമായിട്ടുള്ള PEARL-ഉം റവന്യൂ വകുപ്പിന്റെ ഭാഗമായിട്ടുള്ള ReLIS-ഉം സർവ്വേ വകുപ്പിന്റെ ഭാഗമായിട്ടുള്ള E-maps-ഉം കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് 'എന്റെ ഭൂമി' എന്ന പേരിൽ ഒരു ഇന്റഗ്രേറ്റഡ് പോർട്ടലുണ്ടാകുന്നതോടെ ഭൂമിയുടെ ക്രയവിക്രയവുമായി ബന്ധപ്പെട്ട സകല പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിയുന്നവിധത്തിൽ അതിനെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും എന്നുള്ളതാണ് ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഡിജിറ്റൈസേഷനെ സംബന്ധിച്ച് ഒരു ചോദ്യം ചോദിച്ചിരുന്നു. അതുപോലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ് ജനസൗഹൃദ സർക്കാർ ഓഫീസുകൾ. അതിൽ റവന്യൂ വകുപ്പിന്റെ ഓഫീസുകൾ ഭൗതികസാഹചര്യങ്ങൾ ജനസൗഹൃദമാക്കുന്നതുകൂടാതെ സേവനത്തിലും ജനസൗഹൃദമാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. വില്ലേജാഫീസുമുതൽ

സെക്രട്ടേറിയറ്റ് വരെയുള്ള ഓഫീസുകളെ കോ-ഓഡിനേറ്റ് ചെയ്തുകൊണ്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളെ സമ്പൂർണ്ണമായി ഡിജിറ്റൈസ് ചെയ്യാനുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലം മുതൽ ആരംഭിച്ചുതുടങ്ങിയതാണ്. അതിന്റെ ഭാഗമായി ഇന്ന് കേരളത്തിൽ 1666 വില്ലേജുകളിൽ 565 വില്ലേജുകൾ ഏറ്റവും മോഡേണാക്കി മാറ്റാൻ കഴിയുന്ന സ്മാർട്ട് വില്ലേജുകളാക്കി മാറ്റാനുള്ള നടപടികൾ അതിവേഗം മുന്നോട്ടുകൊണ്ടുപോകുകയാണ്. ഇതിന്റെ ഭാഗമായി വില്ലേജോഫീസുമുതൽ സെക്രട്ടേറിയറ്റ് വരെ റവന്യൂ വകുപ്പിന്റെ എല്ലാ ഓഫീസുകളെയും ഇ-സംവിധാനത്തിലേയ്ക്ക് കൊണ്ടുവരണമെന്ന് ആലോചിച്ചു. ഇപ്പോൾ കേരളത്തിലെ നാല് ജില്ലകൾ, വയനാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം ഈ നാല് ജില്ലകളും ഈയൊരു വർഷക്കാലത്തിനുള്ളിൽ ഇ-ജില്ലകളാക്കി മാറ്റാൻ നമുക്ക് കഴിഞ്ഞു. ഗവൺമെന്റ് പ്ലാൻ ഫണ്ടുപയോഗിച്ചുകൊണ്ട് വില്ലേജുകളിലെ ഡിജിറ്റൈസേഷന്റെ ഭാഗമായി കമ്പ്യൂട്ടർ, പ്രിന്റർ, മറ്റ് അനുബന്ധ സംവിധാനങ്ങൾ ഒരുക്കുന്നതിനോടൊപ്പംതന്നെ ധനകാര്യവകുപ്പ്

ഈയടുത്ത ദിവസങ്ങളിൽ പുറത്തിറക്കിയ ഗവൺമെന്റ് ഉത്തരവ് 66/2022 പ്രകാരം ഇനി എം.എൽ.എ.-മാർക്കുകൂടി അവരുടെ ആസ്തിവികസന ഫണ്ടുപയോഗിച്ചുകൊണ്ട് അവരവരുടെ മണ്ഡലത്തിലെ വില്ലേജ്-താലൂക്ക് ഓഫീസുകളിൽ ഇത്തരം മെറ്റീരിയലുകൾ വാങ്ങാനും കൊടുക്കാനും അതിവേഗം ഇ-ജില്ലകളാക്കി മാറ്റാനുമുള്ള ശ്രമത്തിൽ പങ്കുചേരാൻ കഴിയും. എല്ലാ എം.എൽ.എ-മാരുടെയും സഹകരണമുണ്ടെങ്കിൽ പ്ലാൻ ഫണ്ടുകൂടി ഉപയോഗിച്ചുകൊണ്ട് ഒരുവർഷക്കാലംകൊണ്ട് കേരളത്തിലെ 14 ജില്ലകളെയും ഇ-ജില്ലകളാക്കി മാറ്റാൻ കഴിയുമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പ് നൽകുകയാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, ബിനാമി പേരുകളിൽ അനുവദനീയമായ അളവിൽ കൂടുതൽ ഭൂമി പലരും കൈവശം വച്ചിരിക്കുകയാണ്. അത്തരം ഭൂമി കണ്ടെത്തി പിടിച്ചെടുത്ത് കേരളത്തിലെ ഭൂരഹിതരായിട്ടുള്ള മുഴുവൻ കുടുംബങ്ങൾക്കും വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ഇൻഡ്യാരാജ്യത്ത് ആദ്യമായി Unique 'Thandaper' System നടപ്പിലാക്കുന്ന സംസ്ഥാനമായി കേരളം മാറാൻ

പോകുകയാണ്. Unique 'Thandaper' System നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആധാറും തണ്ടപ്പേരും തമ്മിൽ കോ-ഓർഡിനേറ്റ് ചെയ്യാനുള്ള ആലോചനകൾ നടത്തിയിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ ഇക്കാര്യം നമ്മൾ ആവശ്യപ്പെട്ടു. ഈ ഗവൺമെന്റിന്റെ സമയത്തുതന്നെ കേന്ദ്രഗവൺമെന്റിന്റെ വിവരസാങ്കേതിക മന്ത്രാലയം ആധാറും തണ്ടപ്പേരും കോ-ഓഡിനേറ്റ് ചെയ്തുകൊണ്ട് Unique 'Thandaper' System ഉണ്ടാക്കാനുള്ള അനുവാദം നൽകി. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ, 1970-ൽ നിലവിൽ വന്ന ഭൂപരിഷ്കരണ നിയമത്തിന്റെ ലിമിറ്റേഷൻ ആക്ടിനെ മറികടന്നുകൊണ്ട് പലയിടങ്ങളിലായി പല തണ്ടപ്പേരുകളിൽ അധികമായി ഭൂമി കൈവശം വയ്ക്കുന്നത് കണ്ടെത്താനുള്ള പോംവഴികൾ നമ്മുടെ മുന്നിലുണ്ടായിരുന്നില്ല. ഇപ്പോൾ Unique 'Thandaper' System വരുന്നതോടെ കേരളത്തിൽ എവിടെ ഭൂമിയുണ്ടെങ്കിലും ഒറ്റ തണ്ടപ്പേരിൽ അത് രേഖപ്പെടുത്താൻ കഴിയുന്ന വിധത്തിൽ ഈ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. Unique 'Thandaper' System-ന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കയ്യിൽനിന്ന് തണ്ടപ്പേർ സമ്പാദിച്ചത് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി ശ്രീ. ആന്റണി

രാജ്യ ആണെന്നകാര്യം കൂടി ഞാൻ ഈ സഭയെ അറിയിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, സംസ്ഥാനത്ത് നടക്കുന്ന റീ-സർവ്വേ നടപടികൾ അതിവേഗം പൂർത്തീകരിക്കാത്തതുമൂലം നിരവധി പ്രശ്നങ്ങളും പ്രതിസന്ധികളും നാട്ടുകാരും ഉദ്യോഗസ്ഥരും നേരിടുന്നുണ്ട്. അത്യാധുനിക സംവിധാനമായ റോബോട്ടിക് ടോട്ടൽ സ്റ്റേഷൻ ഉപയോഗിച്ച് സർവ്വേ നടത്തുന്നതിനും അതിനാവശ്യമായിട്ടുള്ള പരിശീലനം കൊടുക്കുന്നതിനും ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്?

ശ്രീ. കെ. രാജൻ: സർ, Unique 'Thandaper' System-ന്റെ കാര്യം പറഞ്ഞതുപോലെതന്നെ ഡിജിറ്റൽ റീ-സർവ്വേയുമായി ബന്ധപ്പെട്ട് പലരും ചോദിച്ചിരുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം, 1966-ൽ ആരംഭിച്ച റീ-സർവ്വേ നടപടികൾ 55 വർഷക്കാലം കഴിഞ്ഞപ്പോൾ കേരളത്തിൽ ആകെയുള്ള 1666 വില്ലേജുകളിൽ 918 ഇടങ്ങളിൽ മാത്രമാണ് നമുക്ക് നടപ്പിലാക്കാൻ കഴിഞ്ഞത്. അതിൽത്തന്നെ 95 ഇടങ്ങളിലാണ് ETS (Electronic Total Station ഉപയോഗിച്ചുകൊണ്ടുള്ള സർവ്വേ നടത്തിയത്. 21 ഇടങ്ങളിൽ അത്

മുന്നോട്ടുകൊണ്ടുപോകുന്നുമുണ്ട്. ഈ ഗവൺമെന്റ് അതുകൊണ്ടുതന്നെ നാലുവർഷക്കാലംകൊണ്ട് ഡിജിറ്റൽ റീ-സർവ്വേ പൂർത്തിയാക്കാൻ മറ്റ് സങ്കേതങ്ങളെക്കൂടി ആശ്രയിക്കണമെന്ന് തീരുമാനിച്ചു. Conventional Method-ൽ നിന്നുമാറി Continuously Operating Reference Station എന്ന CORS, അതുപോലെതന്നെ ETS-ന്റെ ഏറ്റവും പുതിയ വേർഷനായിട്ടുള്ള റോബോട്ടിക് ടോട്ടൽ സ്റ്റേഷൻ, LiDAR Camera-കൾ ഉപയോഗിച്ചുകൊണ്ടുള്ള ഡ്രോൺ സർവ്വേ എന്നീ മൂന്നിനങ്ങളിലായാണ് നമ്മൾ മുന്നോട്ടുകൊണ്ടുപോകുന്നത്. അതിന്റെ ഭാഗമായി 1000 ആർ.ടി.കെ. റോവർ മെഷീനുകളും 700 ആർ.ടി.എസ്. മെഷീനുകളും 1700 Rugged Tab-കളും വാങ്ങാനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി, അതിനാവശ്യമായ പണം ഇപ്പോൾ ക്യാബിനറ്റ് അനുവദിച്ചു. ഈ മാസംതന്നെ നമുക്ക് ആ സാധനങ്ങളെല്ലാം പ്രൊക്യൂർ ചെയ്യാൻ സാധിക്കും. ഇതിന് സിഗ്നൽ നൽകുന്നത് 28 കോർ സ്റ്റേഷനുകളാണ്. അതിൽ 18 സ്റ്റേഷനുകളിൽ നടപടി പൂർത്തീകരിച്ചു. ബാക്കിയുള്ള 10 സ്റ്റേഷനുകളിൽ 9 സ്റ്റേഷനുകളിൽ നടപടികൾ മുന്നോട്ടുപോകുകയാണ്. കൊച്ചുപമ്പയിലുള്ള ഒരു സ്റ്റേഷൻ മാത്രം ജസ്റ്റിസ് സിരിജഗൻ ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയാണ്

അനുവാദം നൽകേണ്ടത് എന്നുള്ളതുകൊണ്ട് ആ കമ്മിറ്റിയുടെ മുമ്പിൽ സമർപ്പിച്ചിരിക്കുകയാണ്. ആഗസ്റ്റ് മാസത്തിൽ തന്നെ 200 സ്ഥലങ്ങളിൽ ഒരേസമയം സർവ്വെ നടപടികൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നതാണ് അതിന്റെ ഏറ്റവും പ്രത്യേകത. എല്ലാ സംവിധാനവും നമ്മുടെ കയ്യിലായിക്കഴിഞ്ഞു.

ശ്രീ. വാഴൂർ സോമനെ പ്രതിനിധീകരിച്ച് (ശ്രീമതി സി. കെ. ആശ): സർ, ഡിജിറ്റൽ റീ-സർവെ നടത്തുന്നതിനാവശ്യമായ ജീവനക്കാർ സംസ്ഥാനത്ത് ആവശ്യത്തിനുണ്ടോ; ഇല്ലെങ്കിൽ താല്ക്കാലികമായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എത്ര ജീവനക്കാരെയാണ് നിയമിക്കാൻ തീരുമാനിച്ചിട്ടുള്ളത്?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ, ഡിജിറ്റൽ റീ-സർവെ നാല് വർഷംകൊണ്ട് പൂർത്തീകരിക്കണം. ഒരു വർഷം 400 എണ്ണം വച്ച് 3 വർഷവും ബാക്കിവരുന്ന 350 എണ്ണം നാലാമത്തെ വർഷവും നടപ്പിലാക്കി പൂർത്തീകരിക്കേണ്ടി വന്നാൽ സർവെയർമാരുടെ എണ്ണം കൂട്ടേണ്ടിവരും. സർവെ ജീവനക്കാരുടെ സംഘടനകളുമായി സംസാരിച്ച് താല്ക്കാലികമായി

ആളുകളെ എടുക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. പുതിയതായി 1500 സർവെയർമാരെയും 3200 ഹെൽപ്പർമാരെയും സർവെ കുടുംബത്തിലേയ്ക്ക് ഈ ജോലികൾക്ക് മാത്രമായി നിയമിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അവരുടെ പേരുകൾ നിർദ്ദേശിക്കേണ്ടത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും പേര് നിർദ്ദേശിക്കുന്ന വ്യക്തികളെ പ്രത്യേകമായ ടെസ്റ്റ് നടത്തി അതിൽ വിജയിക്കുന്നയാളുകൾക്ക് ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി ഇന്റർവ്യൂ നടത്തി ആഗസ്റ്റ് മാസത്തോടെ 4700 ജീവനക്കാരെ നിയമിക്കാൻ കഴിയും. ആ നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോയിട്ടുണ്ട്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, അത്യാധുനിക ഉപകരണങ്ങളുപയോഗിച്ച് സർവെ സംവിധാനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ ആലോചിക്കുന്നതിൽ സന്തോഷമുണ്ട്. എത്രയോ കാലങ്ങളായി സ്വന്തം സ്ഥലങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് അവരുടെ വീടോ അല്ലെങ്കിൽ കെട്ടിടങ്ങളോ പുനർനിർമ്മിക്കാൻ കഴിയാത്ത വിധം തരം മാറ്റൽ വലിയ ഭീഷണിയായി നിൽക്കുകയാണ്. നിരവധി പാവപ്പെട്ടയാളുകൾ ദിനംപ്രതി ഓരോ എം.എൽ.എ.-മാരുടെയും ഓഫീസുകളിൽ

കയറിയിറങ്ങുന്നു. വർഷങ്ങളായി കെട്ടിക്കിടക്കുന്ന അപേക്ഷകൾപോലും തീർപ്പാക്കാൻ കഴിയാതെ വലിയ ബുദ്ധിമുട്ടിലാണ്. ജീവനക്കാരെ അടിയന്തരമായി വിന്യസിച്ചുകൊണ്ട് ഇക്കാര്യത്തിൽ അദാലത്ത് നടത്തി ഇതിനൊരു പരിഹാരമുണ്ടാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം വർഷങ്ങളായി എന്ന വാക്ക് കേൾക്കുമ്പോൾ കേരളമാരംഭിച്ച വർഷം മുതലെന്ന് തെറ്റിദ്ധരിക്കരുത്. 2008-ലാണ് നെൽവയൽ തണ്ണീർത്തട നിയമം കൊണ്ടുവന്നത്. 2018-ൽ നമ്മളെല്ലാവരും ചേർന്നാണ് അതിന്റെ ഭേദഗതി കൊണ്ടുവന്നത്. സ്വാഭാവികമായും 2021 ഫെബ്രുവരി മാസം കോടതിവിധിയുടെ അടിസ്ഥാനത്തിൽ 25 സെന്റ് സ്ഥലം വരെയുള്ളതിന് പണമടയ്ക്കേണ്ടതില്ലെന്ന് വന്നപ്പോൾ ഒരു ലക്ഷത്തോളം അപേക്ഷകൾ പുതിയതായി വരുന്ന സാഹചര്യമുണ്ടായി. അതിനുശേഷം ഭൂമിയുടെ ടാക്സ് ഓൺലൈനായി അടയ്ക്കാൻ സംവിധാനമുണ്ടായതോടെ, നമ്മുടെ നാട്ടിൽ നിലവും പുരയിടവും തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച് കുറേക്കാലമായി ടാക്സടക്കാൻ കഴിയാത്തതിനാൽ ഇതു സംബന്ധിച്ച് അറിയാത്തയാളുകളും കടന്നുവന്നതോടെ ഇവരുടെ എണ്ണം വല്ലാതെ വർദ്ധിക്കാനിടയുണ്ടായി.

2018-നുശേഷം ഈ നാല് വർഷങ്ങൾക്കിടയിൽ കേരളത്തിൽ ഓൺ ലൈനായും ഓഫ് ലൈനായും അപേക്ഷകൾ ലഭിക്കുകയുണ്ടായി. അതിൽ ഓഫ് ലൈനായി ലഭിച്ച അപേക്ഷകൾ 204409 എണ്ണവും ഓൺ ലൈനായി ലഭിച്ച അപേക്ഷകൾ 97504 എണ്ണവുമാണ്. ഈ ഘട്ടത്തിലാണ് കേരളത്തിലെ ഗവൺമെന്റ് നമ്മുടെ നാട്ടിൽ ഒരു പ്രധാനപ്പെട്ട പ്രശ്നമായി ഇത് മാറിയെന്നുകണ്ടപ്പോൾ കഴിഞ്ഞ മാർച്ച് മാസത്തിൽ ഒരു ഉത്തരവ് പുറത്തിറക്കാൻ ഇടവന്നത്. ആ ഉത്തരവ് പുറത്തിറക്കിയപ്പോൾ അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ, ഈ സഭയിൽത്തന്നെ ഞാൻ നേരത്തെ പറഞ്ഞതുപോലെ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ അടിയന്തരമായി പരിഹാരം കാണാൻ ഒരു സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡ്യുവർ തയ്യാറാക്കിക്കൊണ്ട് മുന്നോട്ടുപോകണമെന്ന് തീരുമാനിച്ചു. ആ സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡ്യുവറിന്റെ ഭാഗമായി കേരളത്തിൽ നൂറിലേറെ അപേക്ഷകൾ വന്ന എല്ലാ വില്ലേജിലും, കേരള ചരിത്രത്തിലാദ്യമായി രണ്ട് വില്ലേജിന് ഒരു വാഹനം എന്ന നിലയിൽ 341 വാഹനങ്ങൾ അനുവദിച്ചു. 56/2022 എന്ന ഉത്തരവിന്റെ ഭാഗമായി 999 ജീവനക്കാരെ അധികമായി ആറ് മാസക്കാലത്തേയ്ക്ക് വിനിയോഗിക്കുകയും

ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ഒരു പ്രത്യേക സെല്ലുണ്ടാക്കി മൂന്ന് മാസക്കാലത്തിനുള്ളിൽ 119 അദാലത്തുകൾ കേരളത്തിൽ നടത്താനിടവന്നു. ജനുവരി 31 വരെയാണ് ഓഫ് ലൈനായി അപേക്ഷകൾ സ്വീകരിച്ചത്, അങ്ങനെ ലഭിച്ച 204409 അപേക്ഷകളിൽ 139922 അപേക്ഷകളും ഇതിനകം തീർക്കാൻ കഴിഞ്ഞത് ഒരു പ്രധാനപ്പെട്ട കാര്യമാണെന്നു മാത്രമല്ല; അങ്ങനെയുള്ള തരം മാറ്റവുമായി ബന്ധപ്പെട്ട് ഓഫ് ലൈനായി ലഭിച്ച അപേക്ഷകൾ പൂർണ്ണമായും ഈ വരുന്ന നവംബർ മാസത്തിനകം തീർപ്പ് കല്പിക്കാൻ കഴിയും. മുഖ്യമന്ത്രിയും റവന്യൂ വകുപ്പ് മന്ത്രി എന്ന നിലയിൽ ഞാനും പ്രത്യേകമായി ഇക്കാര്യത്തിൽ പരിശോധന നടത്തി നടപടികളുമായി മുന്നോട്ടുപോകുന്നുണ്ട്. അതോടൊപ്പം ഓഫ് ലൈനായുള്ള അപേക്ഷകൾ പൂർത്തീകരിച്ചശേഷം ഫെബ്രുവരി ഒന്നു മുതൽ ഓൺലൈനായി മാത്രമേ അപേക്ഷകൾ സ്വീകരിക്കുന്നുള്ളൂ. 97000 അപേക്ഷകൾ ഈ ചെറിയ കാലത്തിനുള്ളിൽ ഓൺ ലൈനായി നമുക്ക് ലഭ്യമായിട്ടുണ്ട്. അത് അതിവേഗം തീർപ്പാക്കും. SOP (Standard Operating Procedure)-യുടെ ഭാഗമായി ഭൂമി പരിശോധിക്കുന്ന കാര്യത്തിലും കൃഷി ഓഫീസറും വില്ലേജ് ഓഫീസറും ഒരുമിച്ച് പോകണമെന്ന്

നിർദ്ദേശിച്ചതിന്റെ ഭാഗമായി 68 ശതമാനത്തിലേറെ തരം മാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. നവംബർ മാസത്തോടെ ഓഫ്‌ലൈനായി വരുന്ന അപേക്ഷകളെല്ലാം പൂർത്തീകരിക്കാൻ കഴിയും. കൂടുതൽ അദാലത്തുകളും ഇക്കാര്യത്തിൽ സംഘടിപ്പിക്കും.

ശ്രീ. മുരളി പെരുനെല്ലി: സർ, ഡിജിറ്റൽ റീ-സർവെ പൂർത്തീകരിക്കുന്നതോടുകൂടി ഭൂമി സംബന്ധമായ പ്രശ്നങ്ങൾക്കൊക്കെ പരിഹാരം കാണുമെന്നുള്ള പ്രഖ്യാപനം വളരെ സ്വാഗതാർഹമാണ്. ഡിജിറ്റൽ സർവെയുൾപ്പെടെ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ജനങ്ങളിൽ ബോധവത്കരണം നടത്താനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വില്ലേജ് തലത്തിൽ രൂപീകരിക്കപ്പെട്ട ജനകീയ സമിതികളെ ഇതിനായി പ്രയോജനപ്പെടുത്താനും, അവയുടെ പ്രവർത്തനം എന്തൊക്കെയാണെന്നും വിശദീകരിക്കാമോ?

ശ്രീ. കെ. രാജൻ: സർ, അങ്ങ് പറഞ്ഞ രണ്ട് വിഷയങ്ങളും പ്രധാനപ്പെട്ട കാര്യങ്ങളാണ്. തീർച്ചയായും ഇവിടെ ഡിജിറ്റൽ റീ-സർവെ

നടപടികളാരംഭിക്കുന്നതുതന്നെ വിശാലമായ ബോധവത്കരണ നടപടികളുടെ അടിസ്ഥാനത്തിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയും എം.എൽ.എ.-മാരായ നമ്മൾ വളരെ വിശാലമായ തലത്തിൽ അക്കാര്യത്തെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്ത് ഞാൻ കൂടി പങ്കെടുത്ത് കേരളത്തിലെ 14 ജില്ലകളിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും അംഗങ്ങളുമായി കൂടിയാലോചിച്ചു. ഗ്രാമസഭകളുടെ മോഡലിൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ച് ഈ ക്യാമ്പെയിൻ ആരംഭിക്കുന്നതിനുമുമ്പ് എല്ലായിടത്തും സർവെസഭകൾ എന്ന ആശയം നടപ്പിലാക്കാൻ തീരുമാനിച്ചു. ജനങ്ങളുടെ പൂർണ്ണമായ പങ്കാളിത്തത്തോടെയും ജനങ്ങളെ ബോധവത്കരിച്ചുംകൊണ്ടാണ് ഈ നടപടികൾ മുന്നോട്ടുകൊണ്ടുപോകാനുദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കേരള ചരിത്രത്തിലെ പുതിയൊരദ്ധ്യായമാണ് വില്ലേജ് തല ജനകീയസമിതികൾ. റവന്യൂവകുപ്പിന്റെ പ്രവർത്തനം കേവലം ഉദ്യോഗസ്ഥതലത്തിൽ മാത്രം നിലനിൽക്കുന്നുവെന്ന പരാതികൾ

ഒഴിവാക്കാനും കുറേക്കൂടി ജനാധിപത്യം ഉൾപ്പെടുത്താനും വില്ലേജ് തല ജനകീയസമിതികളിൽ എം.എൽ.എ.-യോ എം.എൽ.എ. -യുടെ പ്രതിനിധിയോ സ്ഥലത്തെ പഞ്ചായത്ത് പ്രസിഡന്റോ വില്ലേജ് നിലനിൽക്കുന്ന വാർഡിലെ ജനപ്രതിനിധികളോ നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടിയുടെയും പ്രതിനിധികളോ ഉണ്ട്; സർക്കാർ നിർദ്ദേശിക്കുന്ന ഒരു സ്ത്രീയും പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഒരംഗവുമുൾപ്പെടുന്ന വില്ലേജ് തല ജനകീയ സമിതി എല്ലാ മാസത്തിലെയും മൂന്നാമത്തെ വെള്ളിയാഴ്ച മൂന്ന് മണിക്ക് ഡി.ഡി.സി. കൂടുന്നതുപോലെയോ താലൂക്ക് സഭ കൂടുന്നതുപോലെയോ അതത് വില്ലേജുകളിൽ കൂടണമെന്ന ആശയം മുന്നോട്ട് വച്ചിട്ടുണ്ട്. സർവെയുൾപ്പെടെ റവന്യൂ വകുപ്പ് നടത്തുന്ന എല്ലാ പ്രവർത്തനങ്ങളെയും ജനാധിപത്യവത്കരിക്കാനും ജനകീയവത്കരിക്കാനും വില്ലേജ് തല ജനകീയ സമിതികളിലൂടെ തീർച്ചയായും സാധ്യമാകും.

<u>ശ്രീ. മാണി സി. കാപ്പൻ</u>: സർ, പാലാ നിയോജകമണ്ഡലത്തിലെ മൂന്നിലവ്, തലനാട്, മേലുകാവ് പഞ്ചായത്തിൽ പലർക്കും പട്ടയം ലഭിച്ചിട്ടുണ്ടെങ്കിലും ആ പട്ടയം ലഭിച്ച സ്ഥലം മാർക്ക്

ചെയ്തുകൊടുക്കാത്തതിനാൽ അവർക്ക് കൈവശം കിട്ടിയിട്ടില്ല. പലരും കരമടച്ചുകൊണ്ടിരിക്കുന്നതിനാൽ അതിന് നടപടിയെടുക്കുമോ?

ശ്രീ. കെ. രാജൻ: സർ, അങ്ങിവിടെ സൂചിപ്പിച്ചതുപോലെ നേരത്തെ വിതരണം ചെയ്ത പട്ടയങ്ങളിൽ പലയിടത്തും ലൊക്കേഷനും സ്കെച്ചുമുണ്ടായില്ലെന്ന് പരാതികളുണ്ടാകുന്നുണ്ട്. ഭൂമിയുടെ ക്രയവിക്രയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലും ഇതുണ്ട്. സ്വാഭാവികമായും ഭൂമി രജിസ്ട്രേഷൻ വകുപ്പിന്റെ PEARL-ലൂടെ രജിസ്റ്റർ ചെയ്യുമ്പോൾ അത് പോക്കുവരവ് നടത്താൻ പറ്റുന്ന ഭൂമിയാണോ എന്നുള്ളതിന്റെ ധാരണ നമ്മുടെ കയ്യിലുണ്ടാകില്ല; ആയത് റവന്യൂ വകുപ്പിന്റെ റെലിസ് (ReLIS) -ലൂടെയായിരിക്കും നടത്തേണ്ടത്. സ്വാഭാവികമായും PEARL-ൽ രജിസ്റ്റർ ചെയ്ത ആധാരവുമായി റവന്യൂ വകുപ്പിനെ കാണുമ്പോഴായിരിക്കും ഇത് ReLIS-ൽ പോക്കുവരവ് നടത്താൻ പറ്റാത്ത സ്ഥലമാണെന്ന് തോന്നുന്നത്. ബഹുമാനപ്പെട്ട അംഗമുന്നയിച്ചതുപോലെ, പോക്കുവരവ് കഴിഞ്ഞ് ലൊക്കേഷനും സ്കെച്ചുമെടുക്കാൻ പോകുമ്പോഴായിരിക്കും സർവെ വകുപ്പിന്റെ ഇ-മാപ്പിംഗ് പ്രകാരം ഈ കിടക്കുന്ന സ്ഥലം നാം വിചാരിച്ച പ്രദേശത്തല്ലെന്നും അതിന് രേഖകളില്ലെന്നും ബോധ്യപ്പെടുക.

അതുകൊണ്ടാണ് ഡിജിറ്റൽ സർവെ പൂർത്തീകരിക്കുന്നമുറയ്ക്ക് കേരളത്തിൽ "എന്റെ ഭൂമി" എന്ന പേരിൽ ഒരു ഇന്റർഗ്രേറ്റഡ് പോർട്ടലിലൂടെ പോകുമ്പോൾ, ഭൂമി രജിസ്റ്റർ ചെയ്യുന്ന സമയത്തുതന്നെ അത് രജിസ്റ്റർ ചെയ്യാൻ കഴിയുമോ; പോക്കുവരവ് നടത്താൻ പറ്റുമോ; അതിന്റെ ലൊക്കേഷനും സ്കെച്ചും എവിടെയാണ് എന്നൊക്കെ മനസ്സിലാക്കാം. ഇത്തരത്തിൽ മൂന്നുംകൂടി ഒറ്റ പോർട്ടലിലൂടെ കടന്നുപോകുന്ന, ഒരുപക്ഷേ കേരള ചരിത്രത്തിൽ ഭൂമിക്ക് ഉടമസ്ഥാവകാശം പറയാൻ കഴിയുന്ന, ഒരു കൺക്ലൂസീവ് ടൈറ്റിലിലേയ്ക്ക് കേരളത്തെ കൊണ്ടുപോകാൻ കഴിയുന്ന അസാമാന്യമായ  നടപടിയായിരിക്കും ഡിജിറ്റൽ സർവെയുടെ ഭാഗമായി വരിക. അങ്ങുന്നയിച്ച പ്രശ്നം പ്രത്യേകമായി പരിശോധിച്ച് സർക്കാർ അതിനാവശ്യമായ നടപടി  സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഒരു വലിയ പ്രക്രിയയാണ് ഡിജിറ്റൽ റീ-സർവെ. ഇതിനായി ജീവനക്കാരുടെ ദൗർലഭ്യമുണ്ടെന്ന് മന്ത്രിതന്നെ മറുപടിയിൽ പറയുന്നുണ്ട്. ഇത് പരിഹരിച്ച് സർവെയുടെ ഭാഗമായി ഭൂമിയുടെ പ്രകൃതിജന്യവും മനുഷ്യനിർമ്മിതവുമായ സവിശേഷതകൾ, Topographic വിവരങ്ങൾ ശേഖരിക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ടോ?

<u>ശ്രീ. കെ. രാജൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതിന്റെ ഭാഗമായിട്ടുള്ള നടപടിക്രമങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് Topographical Survey. സ്വാഭാവികമായും റോഡ്, തോട്-കനാലുകൾ തുടങ്ങിയ പ്രകൃതി വിഭവങ്ങൾ, മറ്റ് സ്ഥിതി-സ്ഥാപക ചിഹ്നങ്ങളോടുകൂടിയ എല്ലാ വിവരങ്ങളും നമുക്ക് Topographical സർവെയിലൂടെ ലഭ്യമാക്കാൻ കഴിയുമെന്ന് മാത്രമല്ല, കേരളത്തിൽ ഈ മാപ്പിനെ അടിസ്ഥാനപ്പെടുത്തി അതിനെ ഒരടിസ്ഥാന ലെയറായി കണ്ടാൽ മറ്റെല്ലാ വകുപ്പുകൾക്കും ഇതേ വിവരങ്ങളിൽ അവരുടെ സംവിധാനം കൂട്ടിച്ചേർത്ത് സംസ്ഥാനത്ത് ഒരു സമഗ്രമായ GIS ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ കഴിയും. വ്യാവസായിക മേഖലയിലുള്ള വലിയ മാറ്റങ്ങളുടെ ഒരു കാറ്റ് കേരളത്തിൽ വീശുന്നത് നാം കാണുകയാണ്. സ്വാഭാവികമായും അതിനാവശ്യമായ ഭൂമി എവിടെനിന്നും കിട്ടുമെന്നതിനെ സംബന്ധിച്ച് പല തരത്തിലുള്ള അന്വേഷണങ്ങളിലേയ്ക്ക് നാം പോവുകയാണ്. ഡിജിറ്റൽ റീ-സർവെ പൂർത്തിയാകുന്നതോടെ കേരളത്തിലെത്ര ഭൂമിയുണ്ടാകും, ആ ഭൂമിയിൽ പ്രകൃതി വിഭവങ്ങൾക്കുവേണ്ടി മാറ്റിവയ്ക്കുന്നതെന്തെല്ലാമാണ്, വീട് വയ്ക്കുന്നതിനുവേണ്ടിയും വ്യവസായാവശ്യങ്ങൾക്കുവേണ്ടിയും മാറ്റാൻ കഴിയുന്ന

സ്ഥലമേതെല്ലാമാണെന്ന് മനസ്സിലാക്കാൻ കഴിയും. തരംമാറ്റമുൾപ്പെടെയുള്ള പ്രശ്നങ്ങളിലേയ്ക്കോ വ്യവസായങ്ങൾക്കും മറ്റാവശ്യങ്ങൾക്കുംവേണ്ടിയോ നാം പ്രയാസപ്പെടുമ്പോൾ, "എന്റെ ഭൂമി" എന്ന പോർട്ടലിലൂടെ നോക്കിയാൽ ഇതെല്ലാം മനസ്സിലാക്കാൻ കഴിയുന്ന ഒരു സമഗ്രമായ GIS ഡാറ്റാ ബേസായിരിക്കും ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത. ആ ഡാറ്റാ ബേസ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ Topographical Survey-യുടെ ഭാഗമായി വരാൻപോകുന്ന സംവിധാനമാണ്.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, കേരളത്തിൽ എത്ര ശതമാനം വില്ലേജുകളിൽ റീസർവ്വെ അന്തിമമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; റീസർവ്വെ കഴിഞ്ഞ സ്ഥലങ്ങളിൽപ്പോലും പഴയ സർവ്വെ പ്രകാരം അല്ലെങ്കിൽ അവരവരുടെ കൈവശമിരിക്കുന്ന ആധാരപ്രകാരം അളവുകൾ നടത്തണമെന്ന് വസ്തു ഉടമസ്ഥർ ആവശ്യപ്പെടാറുണ്ട്. റോഡ് പുറമ്പോക്ക് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കുമ്പോഴാണ് ഈയാവശ്യം സാധാരണഗതിയിൽ ഉന്നയിക്കുന്നത്. റീസർവ്വെ അന്തിമമായ സ്ഥലങ്ങളിൽ പഴയ സർവ്വെ പ്രകാരം അളവുകൾ നടത്തുന്നത് നിയമനാനുസൃതമാണോ; നിയമാനുസൃതമല്ലെന്ന് വരുത്തത്തക്കരീതിയിൽ

സർക്കാർ ഉത്തരവുകളോ നിയമങ്ങളോ നിലവിലുണ്ടോ; ഇത്തരം കേസ്സുകളിൽ ചില ഘട്ടങ്ങളിൽ കോടതി ഇടപെടാറുണ്ട്. റീസർവ്വെ പ്രകാരംതന്നെ അളവുകൾ നടത്തണം, അതിനാവശ്യമായ നിയമനിർമ്മാണം നടത്തണം. ഇത്തരം കേസ്സുകൾ വരുമ്പോൾ കോടതിയിൽ ഇടപെടാൻ സർക്കാർ അഭിഭാഷകർക്ക് വേണ്ട നിർദ്ദേശം നൽകുമോ?

ശ്രീ. കെ. രാജൻ: സർ, അങ്ങ് ഉന്നയിച്ചത് വളരെ വിശാലമായൊരു പൊതുപ്രശ്നമാണ്. നമ്മൾ എല്ലാവരും എം.എൽ.എ.-മാരാണ്, രാഷ്ട്രീയത്തിന് അതീതമായി ഉന്നയിക്കുന്നൊരു പ്രശ്നവുമാണിത്. കേരളത്തിൽ 918 വില്ലേജുകളിലാണ് ഇതുവരെ റീസർവ്വെ നടന്നിട്ടുള്ളത്. അതിൽ 95 വില്ലേജുകളിൽ മാത്രമാണ് ഡിജിറ്റൽ സർവ്വെ നടത്തിയിട്ടുള്ളത്. മറ്റുള്ളവയെല്ലാം കൺവെൻഷണൽ രീതിയിൽ ചങ്ങല വലിച്ച് അടയാളപ്പെടുത്തിയിട്ടുള്ള സർവ്വെകളാണ്, 21 സ്ഥലങ്ങളിൽ ഓൺ ഗോയിംഗുമാണ്. ഇതുമായി ബന്ധപ്പെട്ട് ഒരു ലക്ഷത്തി നാൽപ്പതിനായിരത്തോളം എൽ.ആർ.എം. കേസ്സുകൾ നിലനിൽക്കുന്നുണ്ട്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. റീസർവ്വെ നടത്തി ഡ്രാഫ്റ്റ് തയ്യാറാക്കി Surveys and Boundaries Act 9 (2) പ്രകാരം പബ്ലിഷ്

ചെയ്യുമ്പോൾ ആരാണോ ഭൂമിയുടെ ഉടമസ്ഥൻ അയാൾ അത് കാണുന്നില്ലെന്നൊരു പ്രശ്നമുണ്ട്. അപ്പോൾ അയാൾക്ക് പ്രതികരിക്കാൻ കഴിയാതെ വരും. പിന്നീട് സെക്ഷൻ 13 അനുസരിച്ച് ഗസ്റ്റ് വിജ്ഞാപനം നടത്തുമ്പോൾ അത് അന്തിമമാകുകയും ചെയ്യുമെന്ന് അങ്ങേയ്ക്കറിയാം. ഇത്തവണ ഡിജിറ്റൽ റീസർവ്വെയിൽ കൺവെൻഷണൽ രീതിയിൽ ചങ്ങല വലിച്ച് അടയാളപ്പെടുത്തിയ വില്ലേജുകളെക്കൂടി ഉൾപ്പെടുത്തുകയാണ്. അതായത് 116 വില്ലേജുകളുൾപ്പെടെ 95 ഇടങ്ങളിൽ ഇതിനകം സർവ്വെ പൂർത്തീകരിച്ചതും 21 ഇടങ്ങളിൽ ഇ.ടി.എസ് മെഷീൻ ഉപയോഗിച്ച് പൂർത്തീകരിക്കുന്നതുമായ 116 വില്ലേജുകൾ ഒഴികെ കൺവെൻഷണലായി നേരത്തെ അളന്ന സ്ഥലങ്ങളുൾപ്പെടെ ആധുനിക കാലത്തിന് പര്യാപ്തമാകും വിധത്തിൽ 1550 വില്ലേജുകളിലും റീസർവ്വേ നടത്തുന്നുണ്ട്. ഈ റീസർവ്വേ നടത്തുമ്പോൾ 9 (2) പബ്ലിക്കേഷൻ നടത്തുന്നതിനുമുമ്പായി, ഇതാണ് ഈ ഭൂമിയുടെ സ്ഥിതി എന്ന് രേഖപ്പെടുത്തുന്നതിന് മുമ്പായി ആരാണോ ഭൂമിയുടെ ഉടമസ്ഥൻ അദ്ദേഹത്തിന്റെ ഡിജിറ്റൽ ഡിവൈസിൽ അത് ലഭ്യമാക്കാൻ കഴിയും. അപ്പോൾ തന്നെ അദ്ദേഹത്തിന് അത് നോക്കിയാൽ അതിൽ തന്നെ ഓൺലൈനായി രജിസ്റ്റർ ചെയ്യാൻ കഴിയും. 13-ാം ചട്ടപ്രകാരമുള്ള

ഗസറ്റ് വിജ്ഞാപനം നടത്തുന്നതിനുമുമ്പ് ആ പ്രശ്നം പരിഹരിക്കാനും കഴിയും. അങ്ങനെ അന്തിമമായി പ്രശ്നം പരിഹരിക്കാൻ കഴിയുന്ന വിധത്തിൽ ഇത് മുന്നോട്ടുകൊണ്ടുപോകും. റോഡ് പുറമ്പോക്ക് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നമാണ് മറ്റൊരു വിഷയമായി അങ്ങ് ഉന്നയിച്ചത്. ഈ വിഷയം അന്തിമമായി തീർത്താലേ ഇതിനെല്ലാം മറുപടി കാണാൻ കഴിയൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിശദമായ ആലോചന നടത്തി നമുക്കൊരു സെറ്റിൽമെന്റ് ആക്ടിനെക്കുറിച്ച്, അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഗൗരവമായൊരു നിയമനിർമ്മാണത്തിലേക്ക് കടക്കേണ്ടതുണ്ട്. അതിപ്പോൾ അന്തിമമായി വെളിപ്പെടുത്താവുന്നതല്ല. വിശദമായ പരിശോധനയ്ക്ക് വിധേയമാക്കണം. 1905-ലാണ് ഏറ്റവും അവസാനത്തെ സെറ്റിൽമെന്റ് ആക്ട്. അങ്ങ് പറഞ്ഞ നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്. നേരത്തെ തന്നെ ഞാനത് ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്.

**കുളിമാട് പാലം തകർന്നതിന്മേലുള്ള നടപടി**

(*92) ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളിമാട് പാലം തകർന്ന സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പാലം തകർന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വിജിലൻസ് വിഭാഗം റിപ്പോർട്ട് നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) പി.ഡബ്ല്യൂ.ഡി. വിജിലൻസ് വിഭാഗം തയ്യാറാക്കിയ റിപ്പോർട്ട് മടക്കിയയച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. മുഹമ്മദ് റിയാസ്): സർ,

(എ) കുളിമാട് പാലം നിർമ്മാണസമയത്ത് ബീം സ്ഥാപിക്കുന്നതിനിടയിൽ മറിഞ്ഞുവീണ സംഭവത്തെ ഗൗരവ്വത്തോടെയാണ് സർക്കാർ കണ്ടത്. സംഭവം നടന്ന ഉടൻ പ്രവൃത്തി നിർവ്വഹണ ചുമതലയുള്ള കെ.ആർ.എഫ്.ബി. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് വകുപ്പിന് വിവരം നൽകിയിരുന്നു. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻവേണ്ടി ശാസ്ത്രീയവും വിശദവുമായ അന്വേഷണത്തിന് പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തെ ചുമതലപ്പെടുത്തി. വിജിലൻസ് നൽകിയ റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കുളിമാട് പാലം നിർമ്മാണത്തിനിടെ ബീം സ്ഥാപിക്കുന്നതിനിടെ മറിഞ്ഞുവീണ സംഭവത്തിൽ ശാസ്ത്രീയവും വിശദവുമായ അന്വേഷണത്തിനുശേഷം പൊതുമരാമത്ത് വിജിലൻസ് വിഭാഗം റിപ്പോർട്ട് നൽകിയിരുന്നു. പി.ഡബ്ല്യൂ.ഡി. വിജിലൻസ് വിഭാഗത്തിന്റെ ആവശ്യാർത്ഥം കോഴിക്കോട് എൻ.ഐ.ടി.യിൽ നടത്തിയ ശാസ്ത്രീയ പരിശോധനയിൽ ഹൈഡ്രോളിക് ജാക്കിൽ കണ്ടെത്തിയ തകരാറും ദൃക്സാക്ഷികളുടെ മൊഴിയും ബീം മറിഞ്ഞുവീണ രീതിയും

വിശകലനം ചെയ്തതിൽനിന്നും ജാക്കിന്റെ പ്രവർത്തനത്തിലുണ്ടായ അപാകതയാണ് അപകടത്തിന് കാരണമെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. പ്രവൃത്തിക്കായി കരാർ കമ്പനി നിയോഗിച്ചിട്ടുള്ള ജീവനക്കാർക്ക് പ്രസ്തുത മേഖലയിൽ പ്രവൃത്തി പരിചയവും നൈപുണ്യവും ഉണ്ടായിരുന്നതായി റിപ്പോർട്ടിൽ പറയുന്നു. ശാസ്ത്രീയമായ ഗുണനിലവാര പരിശോധനാ റിപ്പോർട്ട് അനുസരിച്ച് ഒന്നാംതല ഗുണനിലവാര പരിശോധനാഫലവും രണ്ടാംതല ഗുണനിലവാര പരിശോധനാഫലവും പ്രവൃത്തിയുടെ ഗുണമേന്മ തൃപ്തികരമാണെന്ന് കാണിക്കുന്നതായി റിപ്പോർട്ടിൽ പറയുന്നു. അപകടത്തിനുശേഷം ശേഖരിച്ച സാമ്പിളുകളുടെ ശാസ്ത്രീയമായ ഗുണപരിശോധനാഫലവും പ്രവൃത്തിയുടെ ഗുണമേന്മ തൃപ്തികരമാണെന്ന് കാണിക്കുന്നുവെന്നാണ് അന്വേഷണത്തിലെ കണ്ടെത്തൽ. അപകടത്തിൽ മൂന്ന് ബീമുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

(സി) പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു പദ്ധതിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥന് അവധി അനുവദിക്കുമ്പോൾ പകരം മേൽനോട്ടത്തിന് ക്രമീകരണം ഏർപ്പെടുത്താത്തതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറോടും പ്രവൃത്തിയുടെ പൂർണ്ണമായ മേൽനോട്ടം വഹിക്കുന്നതിൽ

വീഴ്ച വരുത്തിയതിന് കാരണക്കാരായ അസിസ്റ്റന്റ് എഞ്ചിനീയറോടും വിശദീകരണം തേടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം തയ്യാറാക്കിയ റിപ്പോർട്ടിലുള്ള ചില കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി ആവശ്യപ്പെടുകയാണ് ചെയ്തത്.

ശ്രീ. അൻവർ സാദത്ത്: സർ, കരാറുകാരായ ഏജൻസിയുടെ ജീവനക്കാർ മാത്രമാണ് ബീമുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള സുപ്രധാന ജോലികൾ നടക്കുമ്പോൾ സ്ഥലത്തുണ്ടായിരുന്നുള്ളൂവെന്നത് സർക്കാരിന്റെ വീഴ്ചയല്ലേ; പാലാരിവട്ടം പാലം പൊളിഞ്ഞപ്പോൾ അത് മന്ത്രിയുടെ വീഴ്ചയായിരുന്നോ; അതിനെതിരെ ഗവൺമെന്റ് കേസ്സെടുക്കുന്ന നടപടി സ്വീകരിക്കുകയുണ്ടായി. ഇക്കാര്യത്തിൽ മന്ത്രിക്ക് വീഴ്ച സംഭവിച്ചിട്ടില്ലെന്ന് പറയുന്നത് ഇരട്ടത്താപ്പ് നയമല്ലേ; ഇതുസംബന്ധിച്ച് സർക്കാരിന് എന്താണ് പറയാനുള്ളത് ?

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരെ മാലയിട്ട് സ്വീകരിക്കുകയല്ല യഥാസമയം വിശദീകരണം ചോദിക്കുകയാണ് ഈ സർക്കാർ ചെയ്തത്.

അങ്ങനെ ഒട്ടേറെ നടപടികൾ ഈയൊരു വർഷത്തിനുള്ളിൽ സ്വീകരിച്ചിട്ടുണ്ട്. പാലാരിവട്ടം പാലത്തെ സംബന്ധിച്ച് സഭയിൽ പറയിപ്പിക്കണമെന്ന നിർബന്ധം അംഗത്തിനുള്ളതുപോലെയാണ് ഞാൻ ഈ ചോദ്യത്തെ കാണുന്നത്. ഈ വകുപ്പിന്റെ ചുമതലയേറ്റെടുത്തതിനുശേഷം ഞാൻ ഇതുവരെയും അതിനെ സംബന്ധിച്ച് ഒന്നും പറഞ്ഞിട്ടില്ല. ഇത് രണ്ടും ഒന്നാണോ; പാലാരിവട്ടം പാലവും കൂളിമാട് പാലവും ഒന്നാണോ; അത് പരിശോധിക്കേണ്ടതല്ലേ; പാലാരിവട്ടം പാലവുമായി ബന്ധപ്പെട്ട്, അന്നത്തെ ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രി ആ വകുപ്പുമന്ത്രിയുടെ മണ്ഡലത്തിൽത്തന്നെ ഇതുപോലൊരു പാലം നിർമ്മാണത്തിനിടയിൽ വീണിരുന്നു. അന്ന് അവിടത്തെ എം.എൽ.എ. കൂടിയായിരുന്ന കളമശ്ശേരി മണ്ഡലത്തിലെ വ്യക്തിയാണ് അദ്ദേഹം. അതും ഇതും ഒരുപോലെയാണോ; പാലാരിവട്ടം പാലവുമായി ബന്ധപ്പെട്ട് വളരെ വ്യക്തമായി മൊബിലൈസേഷൻ അഡ്വാൻസ് ഇരുപത് ശതമാനം തുകവരെ മുൻകൂർ അനുവദിച്ച് നൽകണമെന്ന നേരത്തെയുള്ള എഗ്രിമെന്റിന് വിരുദ്ധമായ നിലപാട് സ്വീകരിച്ച മന്ത്രിയുടെ സമീപനം തെറ്റല്ലേയെന്ന് പൊതുവേ ചോദിക്കുന്ന സ്ഥിതിയാണുള്ളത്. സിമന്റിന്റെയും

കമ്പിയുടെയും അളവ് കുറവും. അക്കാര്യത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. ഇത്തരത്തിലുള്ള നിരവധി കാര്യങ്ങളുള്ള പാലാരിവട്ടം പാലവുമായി ബന്ധപ്പെട്ട വിഷയവും കൂളിമാട് പാലവുമായി ബന്ധപ്പെട്ട വിഷയവും രണ്ടും രണ്ടാണെന്നുള്ളത് വളരെ വ്യക്തമാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയോ സർക്കാരോ മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കുന്ന നിലപാടോ മറ്റെന്തെങ്കിലും സമീപനമോ സ്വീകരിച്ചിട്ടില്ല. വളരെ കൃത്യമായി സമീപനങ്ങൾ സ്വീകരിച്ച് മുന്നോട്ടുപോകുന്ന സ്ഥിതിയാണുണ്ടായത്. പാലാരിവട്ടം പാലത്തെ സംബന്ധിച്ച് ഇവിടെ പറഞ്ഞതുകൊണ്ട് പറയുകയാണ്, അതുസംബന്ധിച്ച് പറയണമെന്ന് അദ്ദേഹത്തിന് തോന്നിയത് നല്ലകാര്യം. പാലാരിവട്ടം ഫ്ലൈ ഓവർ നിർമ്മാണത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് കരാർ കമ്പനിയായ ആർ.ഡി.എസ്.-നെ പി.ഡബ്ല്യൂ.ഡി. മാനുവലിലെ നിലവിലുള്ള നടപടിക്രമങ്ങളും നിയമങ്ങളും പാലിച്ചുകൊണ്ടും കമ്പനി ഫയൽ ചെയ്ത സിവിൽ കേസ്സിനുമേൽ അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ചശേഷവും കരിമ്പട്ടിയിൽപ്പെടുത്തുവാൻ നാഷണൽ ഹൈവേ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയ വിവരംകൂടി അറിയിക്കുകയാണ്. അത് കേസ്സിന്റെ

ഭാഗമായിട്ടാണ്. ഇത് രണ്ടും രണ്ടാണ്. രണ്ടും രണ്ടാണെന്ന് അറിഞ്ഞിട്ടും ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്നത് പൊതുവേ വകുപ്പിന്റെ വിശ്വാസ്യതയെ തകർക്കാനാണെന്ന് വകുപ്പ് കാണുകയാണ്.

ശ്രീ. അൻവർ സാദത്ത്: സർ, പാലാരിവട്ടം പാലം തകർന്നുവീണില്ല, കുളിമാട് പാലം തകർന്നുവീണുവെന്നതാണ് ഈ രണ്ട് പാലങ്ങളും തമ്മിലുള്ള വ്യത്യാസം. കുളിമാട് പാലത്തിന്റെ ബീമുകൾ തകർന്നതിന്റെ ധാർമ്മികവും സാമ്പത്തികവുമായ ഉത്തരവാദിത്തം ആർക്കാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതിലെ ധാർമ്മികവും സാമ്പത്തികവുമായ ഉത്തരവാദിത്തത്തിൽനിന്നും സർക്കാരിന് ഒഴിഞ്ഞുമാറാൻ സാധിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പാലാരിവട്ടം പാലത്തെക്കുറിച്ച് സംസാരിക്കാൻ ദയവായി എന്നെ വീണ്ടും നിർബന്ധിക്കരുത്, ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. നിർമ്മാണ വീഴ്ചയുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നിലപാടുകൾ ഇക്കാര്യത്തിലും വകുപ്പ് കൃത്യമായി സ്വീകരിച്ചിട്ടുണ്ട്. റേഷനരി ചോറാക്കി കഴിക്കുമ്പോൾ ആരുടെയെങ്കിലും തൊണ്ടയിൽ കുടുങ്ങി മരിച്ചുപോയാൽ ബഹുമാന്യനായ ഭക്ഷ്യവകുപ്പുമന്ത്രി രാജിവയ്ക്കണമെന്ന് പ്രതിപക്ഷാംഗങ്ങൾ പറയുമോ; ഇതിൽ കാര്യങ്ങൾ

വളരെ വ്യക്തമാണ്. പ്രതിപക്ഷത്തിരിക്കുന്ന പ്രധാനപ്പെട്ട അംഗങ്ങളുടെ മണ്ഡലങ്ങളിൽ ഇതുപോലെ നിർമ്മാണത്തിനിടയിൽ പാലങ്ങൾക്ക് തകരാർ സംഭവിച്ചിട്ടുണ്ട്. അന്നെടുത്ത സമീപനമെന്താണെന്ന് പ്രതിപക്ഷാംഗങ്ങൾ പരിശോധിക്കുന്നത് നന്നായിരിക്കും. അതുകൊണ്ട് ഇക്കാര്യത്തിൽ രണ്ടും രണ്ടാണ്. പാലം നിർമ്മാണത്തിലുണ്ടായ അപാകതകൾക്കെതിരെ സ്വീകരിക്കേണ്ട നിലപാടുകൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ടെക്കിനിക്കൽ ഇഷ്യൂവും മാന്വൽ ഇഷ്യൂവും പരിശോധിച്ചു. ആദ്യംതന്നെ കെ.ആർ.എഫ്.ബി. ഇതുസംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അത് അംഗീകരിച്ച് എല്ലാം ശരിയെന്ന് വകുപ്പിന് പറയാമായിരുന്നു. എന്നാൽ വകുപ്പ് അത് പറഞ്ഞില്ല. അവിടെ ഇന്റേർണൽ വിജിലൻസ് സംവിധാനത്തെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന നിലപാടാണ് വകുപ്പ് സ്വീകരിച്ചത്. വിജിലൻസ് വിഭാഗത്തിന്റെ ആവശ്യാർത്ഥം ഇതുമായി ബന്ധപ്പെട്ട് എൻ.ഐ.ടി. കോഴിക്കോട് ശാസ്ത്രീയമായ പരിശോധന നടത്തി ജാക്കിന്റെ പ്രവർത്തനത്തിലുള്ള അപാകതയാണെന്ന് കണ്ടെത്തി. എൻ.ഐ.ടി.യെ മോശമായി കാണാൻ സാധിക്കുമോ; അത് പറ്റില്ല. ഇവിടെത്തെ പ്രതിപക്ഷ നേതാക്കന്മാരുടെ

മണ്ഡലത്തിൽ ഇതുപോലെയുള്ള കേസ്സുകളുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ച കേസ്സുകളല്ല, വേറെയുമുണ്ട്, ആവശ്യമാണെങ്കിൽ ഞാൻ അതുസംബന്ധിച്ച് വിശദീകരിക്കാം. നിർമ്മാണത്തിനിടയിൽ പാലത്തിന് തകരാർ സംഭവിച്ച ഘട്ടത്തിൽ ഇതേ എൻ.ഐ.ടി. അന്വേഷണം നടത്തി നൽകിയ റിപ്പോർട്ട് രണ്ടുകയ്യും നീട്ടി സ്വീകരിച്ചവരാണിവരെന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ടെക്നിക്കൽ സൈഡിൽ എൻ.ഐ.ടി. കൃത്യമായി പരിശോധന നടത്തി. ഇതിന്റെ കാലിബറേഷന്റെ കാലാവധി 6-3-2023 വരെയാണ്. ആപ്ലിക്കേഷനിലെ പ്രശ്നമാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ആപ്ലിക്കേഷനിലെ പ്രശ്നം ചൂണ്ടിക്കാട്ടി ടെക്നിക്കൽ സൈഡ് പറയുമ്പോഴും ഈ പ്രത്യേക കമ്പനിയുൾപ്പെടെ കേരളത്തിലെ എല്ലാ കരാറുകമ്പനികളും ഇത്തരം പ്രവർത്തനങ്ങളിൽ പാലിക്കേണ്ട സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ട കർശന നിർദ്ദേശം നൽകാനാണ് സർക്കാർ തയ്യാറായിട്ടുള്ളതെന്ന കാര്യം മറന്നുപോകരുത്. അതുപോലെ മാന്വൽ സൈഡും വളരെ ഗൗരവമുള്ള വിഷയമാണ്. അവിടെ ഉദ്യോഗസ്ഥർ വേണമെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലീവെടുത്ത് പോയതായിരുന്നു. ആ

സാഹചര്യത്തിൽ പകരം സംവിധാനം ഒരുക്കാനുള്ള ചുമതല പി.ഡബ്ല്യൂ.ഡി. മാന്വൽ പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ്. അദ്ദേഹം അത് നിർവ്വഹിച്ചിട്ടില്ല. അക്കാര്യം റിപ്പോർട്ടിൽ കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. ആയതിന് അദ്ദേഹത്തോട് വിശദീകരണം ചോദിച്ചിട്ടുണ്ട്. അതുപോലെ സൈറ്റിൽ ഉദ്യോഗസ്ഥർ വേണമെന്നത് ശരിയായ നിലപാടാണ്. ഓവർസിയറും അസിസ്റ്റന്റ് എഞ്ചിനീയറും സൈറ്റിൽ വേണമെന്നും ഓരോ ഉദ്യോഗസ്ഥരും എന്ത് ജോലി എങ്ങനെ നിർവ്വഹിക്കണമെന്ന് പി.ഡബ്ല്യൂ.ഡി. മാന്വലിൽ കൃത്യമായി പറയുന്നുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ വന്നുപോയതുകൊണ്ട് കാര്യമില്ല, അദ്ദേഹം സൈറ്റിൽ ഉണ്ടാകണമെന്നത് നിർബന്ധമുള്ള കാര്യമാണ്. അതിന് അദ്ദേഹത്തോട് വിശദീകരണം ചോദിച്ചിട്ടുണ്ട്. പൊതുവെ സൈറ്റിൽ ഉദ്യോഗസ്ഥന്മാരുണ്ടാകാൻവേണ്ടി ടെക്നോളജി ഉപയോഗപ്പെടുത്തി ചില കാര്യങ്ങൾ ചെയ്യാൻ വകുപ്പ് ആലോചിക്കുന്ന കാര്യം പ്രത്യേകം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, നിങ്ങളിടുമ്പോൾ വള്ളിക്കളസം ഞങ്ങളിടുമ്പോൾ ബർമുഡ എന്നൊരു പഴഞ്ചൊല്ല് എവിടെയോ കേട്ടതായി

ഇപ്പോൾ ഓർമ്മവരികയാണ്. ബീമുകൾ തകർന്നുവീണപ്പോൾതന്നെ ഇതിന്റെ ജാക്കി തകരാറിലാണ്, പ്രതി ജാക്കിയാണെന്നത് കരാർ കമ്പനി മുന്നോട്ടുവച്ച വാദമാണ്. അത് സർക്കാരിന്റെ ഭാഗമായ പല ആളുകളും അപ്പോൾ തന്നെ ഏറ്റുപിടിച്ചത് നമ്മൾ കാണുകയുണ്ടായി. അന്വേഷണ റിപ്പോർട്ടിന്റെ ഭാഗമായി ഇപ്പോൾ അതുതന്നെയാണ് വന്നിരിക്കുന്നത്. കാരണം സർക്കാരിന്റെ ഭാഗമായ ആളുകൾപോലും ആ വാദം ഏറ്റുപിടിച്ചാൽ അതിന്റെ ഭാഗമായി പിന്നോട്ടുപോകാൻ അന്വേഷണ ഏജൻസികൾക്ക് സാധിക്കില്ല. തൃപ്പൂണിത്തുറയിൽ നിർമ്മാണത്തിലിരിക്കുന്ന ഒരു പാലത്തിന് അപകടം സംഭവിച്ചപ്പോൾ കരാർ കമ്പനിക്കെതിരെ കേസ്സെടുക്കാൻ സർക്കാർ തയ്യാറായി. ഇവിടെ എൻ.ഐ.ടി. ജാക്കിയെ സംബന്ധിച്ചുമാത്രമാണ് പരിശോധന നടത്തിയിരിക്കുന്നത്. ഈ വിഷയത്തെ സംബന്ധിച്ച് സ്വതന്ത്രമായ അന്വേഷണം നടത്തി സമഗ്രമായ റിപ്പോർട്ട് പൊതുജനങ്ങൾക്കുമുമ്പിൽ സമർപ്പിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വീണ്ടും വിഷയത്തിൽനിന്നും വഴിതെറ്റിപ്പോകുകയാണ്. ഈ വിഷയത്തിൽ പൊതുവേ സ്വീകരിക്കേണ്ട

നിലപാട്, ഇത്തരം അപകടങ്ങളുണ്ടാകാതിരിക്കാൻ ഭരണ-പ്രതിപക്ഷാംഗങ്ങൾ ഒറ്റക്കെട്ടായി എന്തുചെയ്യണമെന്നുള്ളതാണ്, അത്തരം നിലപാടാണ് ഗവൺമെന്റിനുള്ളത്. ഏതെങ്കിലും പ്രത്യേക കമ്പനിയോടോ വ്യക്തിയോടോ പ്രത്യേക മമതയോ താൽപ്പര്യമോ വിദ്വേഷമോ സർക്കാരിനില്ല. ഇവിടെപ്പറഞ്ഞ പ്രത്യേക കമ്പനിയെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് സോഷ്യൽ മീഡിയയിലും ചില പ്രതിപക്ഷ എം.എൽ.എ.മാരും അഭിപ്രായം പറഞ്ഞത്. തീർച്ചയായും അത് പറയാനുള്ള അവകാശം അവർക്കുണ്ട്. ഈ കമ്പനിക്ക് അക്രെഡിറ്റഡ് ഏജൻസി എന്ന തീരുമാനം 7-8-2015-ൽ അന്ന് കേരളം ഭരിച്ചിരുന്ന യു.ഡി.എഫ്. സർക്കാരാണ് കൈക്കൊണ്ടതെന്ന് ഓർമ്മപ്പെടുത്താൻ ഞാൻ പ്രത്യേകം ആഗ്രഹിക്കുകയാണ്. ഇവിടെ പ്രതിപക്ഷ ബഞ്ചിലിരിക്കുന്ന മുൻനിര നേതാക്കന്മാരുൾപ്പെടെ പലരും അവരുടെ മണ്ഡലങ്ങളിൽ ഈ കമ്പനിയുടെ പ്രവർത്തനം വേണമെന്നാവശ്യപ്പെട്ട നിരവധി കത്തുകളുണ്ട്, ഞാനത് ഇവിടെ ഹാജരാക്കാൻ ഉദ്ദേശിക്കുന്നില്ല. ടെണ്ടറില്ലാതെ ഈ കമ്പനിക്കുതന്നെ പ്രവൃത്തികൾ നൽകണമെന്ന് ആവശ്യപ്പെട്ട കത്തുകളുമുണ്ട്. നല്ല നിലയിൽ പ്രവർത്തിക്കുന്ന ആ കമ്പനിയെ അംഗീകരിക്കണ്ടേ; അത്

കമ്പനിയോടുള്ള വിശ്വാസ്യതയല്ലേ. നിരവധി പ്രോജക്ടുകൾ നല്ല രീതിയിൽ പൂർത്തിയാക്കിയ ഒരു കമ്പനിയെന്ന നിലയിലുള്ള വിശ്വാസ്യതയുടെ ഭാഗമായാണ് ഇത് ചെയ്യുന്നത്. അതിന് ആരെയും കുറ്റപ്പെടുത്താൻ സാധിക്കില്ല. നിരവധി പ്രവൃത്തികൾ നന്നായി ചെയ്ത കമ്പനിയായതുകൊണ്ട് എന്തുമാകാമെന്ന് രീതി അനുവദിച്ചുകൊടുക്കുന്ന സർക്കാരല്ല ഇന്ന് കേരളം ഭരണക്കുന്നതെന്ന് ചില നിലപാടുകളിൽനിന്നും തെളിയിച്ചിട്ടുണ്ട്. ബർമുടയിട്ടാൽ ബർമുടയിട്ടെന്നുതന്നെ പറയും അതിൽ എന്തുപറഞ്ഞിട്ടും കാര്യമില്ല. ബർമുട മാറ്റി പാന്റോ മറ്റോ ധരിക്കാൻ നോക്കുന്നതാണ് നല്ലത്.

<u>ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. എം. വിൻസെന്റ്</u>: സർ, 2018-ൽ തകർന്ന തിരുവനന്തപുരം-എയർപോർട്ട് റോഡ്. മൂന്നര വർഷമെടുത്താണ് ടി റോഡിന്റെ അര കിലോമീറ്റർ പ്രവൃത്തി പൂർത്തീകരിക്കാൻ സർക്കാരിന് കഴിഞ്ഞത്. അങ്ങ് മന്ത്രിയായി ചുമതലയേറ്റയുടൻ "Accelerate PWD" പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ടി പ്രവൃത്തി നടത്തിയത്. അത് സംബന്ധിച്ച് അങ്ങ് ഫേസ് ബുക്കിൽ പോസ്റ്റ് ചെയ്തത്, 'നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്നു, മന്ത്രി അത്

നിരന്തരമായി പരിശോധന നടത്തി, 2021 ഡിസംബർ 7-നും 24-നും തുടർച്ചയായി ഇവിടെ സന്ദർശിച്ച്, 2022 മാർച്ച് 15-നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കണമെന്ന് ഡിസംബർ 24-ലെ സന്ദർശനത്തിൽ തീരുമാനിച്ച്, തുടർന്ന് ഒരു വർക്കിംഗ് കലണ്ടർ തയ്യാറാക്കി ഓരോ ദിവസത്തെയും പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തി, എല്ലാദിവസവും രാത്രിയിൽ യോഗം ചേർന്ന് വിലയിരുത്തി അങ്ങനെ മാർച്ച് മാസം 15-ന് ഉദ്ഘാടനം ചെയ്തു', എന്നൊക്കെയാണ്.

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കണം.

ശ്രീ. എം. വിൻസെന്റ്: സർ, ആ റോഡിൽ ഒരു മാസത്തിനുള്ളിൽ ഗർത്തത്തിന് സമാനമായ കുഴികൾ രൂപപ്പെടുകയും ഇടിഞ്ഞു താഴുകയും ചെയ്തതായി പത്രങ്ങളിൽ വാർത്തകൾ വന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിരിക്കും. അങ്ങ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേരിട്ട് മേൽനോട്ടം വഹിച്ച ഈ പദ്ധതിയിലുണ്ടായ തകർച്ചയുടെ ഉത്തരവാദിത്വം.....(മൈക്ക് ഓഫ്).......

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ വിഷയം സംബന്ധിച്ച് വളരെ വ്യക്തമായി നേരത്തെത്തന്നെ മറുപടി പറഞ്ഞതാണ്. ശംഖുമുഖം

റോഡും അതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ എങ്ങനെയാണ് ഇടപ്പെട്ടതെന്ന് ഏറ്റവും നന്നായി അറിയുന്ന വ്യക്തിയാണ് ഇപ്പോൾ ഈ ചോദ്യം ഉന്നയിച്ചത്. ഇത് വളരെ നേരത്തെയുള്ള പ്രശ്നമാണ്. അതിൽ വളരെ പോസിറ്റീവായിട്ടുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ടെക്നിക്കൽ സൈഡ് പരിശോധിക്കുമ്പോൾ ചില പ്രവൃത്തി നടത്തുമ്പോൾ അതിന്റെ മറ്റ് ചില വശങ്ങൾകൂടി നോക്കണം. അവിടെ കടൽകയറിയതുമായി ബന്ധപ്പെട്ടുള്ള പ്രശ്നമുണ്ട്. മറ്റ് പല കാര്യങ്ങൾ പൂർത്തീകരിക്കാതെ ടാറിംഗ് ചെയ്താൽ ആ ടാറിംഗ് നിൽക്കില്ല എന്ന പ്രശ്നമുണ്ട്. ഇതൊക്കെ വച്ചുകൊണ്ട് എല്ലാം സമയബന്ധിതമായി ചെയ്യാനുള്ള കർശന നിലപാടാണ് സ്വീകരിച്ചത്. അന്ന് കർശന നിലപാട് സ്വീകരിച്ചപ്പോൾ ആ പ്രവൃത്തി നടത്തുന്ന കമ്പനിക്കെതിരെ വളരെ ശക്തമായ നിലപാട് സ്വീകരിച്ചു എന്നുള്ളതായിരുന്നു വാദം. ഇപ്പോൾ വേറൊരു ബഹുമാനപ്പെട്ട അംഗം ഇതിനുതൊട്ടുമുമ്പ് പറഞ്ഞത്, ആ കമ്പനിക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചു എന്നാണ്. ഇതിൽ ഏതെങ്കിലും ഒന്നിൽ ഉറച്ചുനിൽക്കാൻ പ്രതിപക്ഷാംഗങ്ങൾ തയ്യാറാകണം. ഞങ്ങളെ സംബന്ധിച്ചിടത്തോളം മെരിറ്റും ഡീ മെരിറ്റും മാത്രമാണ് പ്രശ്നം. നന്നായി പ്രവൃത്തി നടത്തിയാൽ

അത് ഞങ്ങൾ അംഗീകരിക്കും. തെറ്റായ രീതിയിൽ പോയാൽ തെറ്റായ സമീപനം സ്വീകരിക്കും. നാല് വർഷമായിട്ടുള്ള ഈ പ്രശ്നം പരിഹരിക്കാൻ യഥാസമയം ഇടപെടുന്ന രീതിയാണ് പൊതുവെ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. സണ്ണി ജോസഫ്: സർ, പാലം നിർമ്മാണവേളയിൽ പി.ഡബ്ല്യൂ.ഡി. മാന്വൽ വയലേഷനുണ്ടെന്ന് ഉത്തരത്തിൽത്തന്നെ സമ്മതിക്കുന്നുണ്ട്. അതിന്റെ മുഴുവൻ ഉത്തരവാദിത്വവും ജാക്കിയിൽമാത്രം കെട്ടിവച്ച് മറ്റുള്ളവരെ രക്ഷിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. ജാക്കി എന്നത് ചെറിയക്കാര്യമല്ല. ഒരു കാറിന്റെ ടയർ പോകുമ്പോൾ ആ കാർ ഉയർത്താൻ ഉപയോഗിക്കുന്ന ജാക്കിയല്ല, ഇത് പാലം നിർമ്മാണത്തിനുപയോഗിക്കുന്ന ജാക്കിയാണ്. അങ്ങനെ ഓപ്പറേറ്റബളല്ലാത്ത ജാക്കി ഉപയോഗിച്ച് നിർമ്മാണം നടത്താൻ ശ്രമിച്ചവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; അതുപോലെ വിശദീകരണം ചോദിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ആവർത്തിച്ച് പറഞ്ഞു, ഈ സംഭവം നടന്നിട്ട് എത്ര മാസം കഴിഞ്ഞു; എന്ത് വിശദീകരണമാണ് ലഭിച്ചത്; ലഭിച്ച വിശദീകരണം തൃപ്തികരമാണോ; തൃപ്തികരമല്ലെങ്കിൽ അതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ടെക്നിക്കൽ സൈഡിലെ തെറ്റിനെ ടെക്നിക്കൽ സൈഡിലുള്ള തെറ്റായും മാന്വവൽ സൈഡിലെ തെറ്റിനെ മാന്വവൽ സൈഡിലുള്ള തെറ്റായും ചൂണ്ടിക്കാണിക്കും. ജാക്കിണ് തെറ്റുകാരെന്നെന്ന രീതിയിൽ സോഷ്യൽ മീഡിയാകളിലൂടെ ഒരു പ്രചരണം നടത്തിയതുകൊണ്ടായിരിക്കാം ഇപ്പോഴും ജാക്കി മാത്രമാണ് ഇതിന്റെയാകെ കുഴപ്പമെന്ന് തോന്നുന്ന നിലയിൽ സഭയ്ക്കുള്ളിലും പറയുന്നുണ്ട്. ഇവിടെ എക്സിക്യൂട്ടീവ് എഞ്ചിനീയറും അസിസ്റ്റന്റ് എഞ്ചിനീയറും ജാക്കിണോ? അവർ ചെയ്യേണ്ട കാര്യങ്ങൾ അവർ ചെയ്തിട്ടില്ല. അതുകൊണ്ടാണ് അവരോട് വിശദീകരണം ചോദിച്ചത്. പിന്നെ വിശദീകരണം ചോദിക്കണമെങ്കിൽ അന്വേഷണ റിപ്പോർട്ട് കയ്യിൽ കിട്ടണ്ടേ. റിപ്പോർട്ട് കൈയിൽകിട്ടി, അക്കാര്യം പരിശോധിച്ച് ഒരു നിമിഷം വൈകാതെയാണ് വിശദീകരണം ചോദിച്ചിട്ടുള്ളതെന്ന കാര്യം മനസ്സിലാക്കണം. അതിനുള്ള മറുപടി കിട്ടുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. പൊതുവെയുള്ള കാര്യങ്ങൾ പരിശോധിച്ചാൽ, കേരളത്തിലെ നിർമ്മാണ മേഖലയിൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചാണ് കൃത്യമായി ചർച്ച നടത്തുന്നത്. ഇവിടെ ബീം താങ്ങിനിർത്താൻ കൂടുതൽ ശേഷിയുള്ള

സുരക്ഷാസംവിധാനം ഉറപ്പുവരുത്തണം. ഇവിടെയുള്ള ചെയിൻ ബ്ലോക്കുകൾക്ക് അത് താങ്ങാൻപറ്റാത്ത സ്ഥിതിയാണുള്ളത്. ഇക്കാര്യം ഏതെങ്കിലും ഒരു നിർമ്മാണത്തിൽ മാത്രമല്ല, എല്ലാ നിർമ്മാണത്തിലും പരിശോധിക്കേണ്ടതാണ്. പാലം നിർമ്മാണത്തിൽ വളരെ ഗൗരവത്തിൽ പരിശോധിക്കേണ്ടത്, ഇത്തരം സാഹചര്യത്തിൽ നല്ല ശേഷിയുള്ള സുരക്ഷാസംവിധാനം ഉറപ്പുവരുത്തണമെന്ന കർശന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകാനുള്ള തീരുമാനമെടുത്തിരിക്കുകയാണ്. കോൺട്രാക്ട് എഗ്രിമെന്റ് 54 (2)(ഇ) പ്രകാരമാണ് അങ്ങനെയൊരു കർശന നിർദ്ദേശം നൽകാൻ തീരുമാനിച്ചത്. അങ്ങനെയല്ലേ സർക്കാരിന് നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ആ നിലയിൽ സ്വീകരിക്കേണ്ട നടപടികൾ ചെയ്തിട്ടുള്ളത്. ഞങ്ങളെ സംബന്ധിച്ച് നേരത്തെ പറഞ്ഞതുപോലെ മെറിറ്റുപ്രകാരമാണ് കാര്യങ്ങൾ ചെയ്തുപോകുന്നത്. ഇവിടെ തൊഴിലാളികൾക്ക് പ്രവൃത്തി പരിചയവും നൈപുണ്യവുമില്ലായിരുന്നുവെങ്കിൽ നിങ്ങൾ പറയുന്നത് ശരിയാണ്. തൊഴിലാളികൾക്ക് പ്രവൃത്തി പരിചയവും നൈപുണ്യവുമുണ്ടെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. പിന്നെ എന്തെങ്കിലും പറഞ്ഞുകൊണ്ട് കാര്യങ്ങൾ കൈകാര്യംചെയ്യാൻ കഴിയില്ല. അതിലെ

മെറിറ്റും ഡീമെറിറ്റും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നിലപാട് സ്വീകരിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. എൻ.ഐ.റ്റി. പാലത്തിന്റെ കൃത്യമായ പരിശോധന നടത്തിയിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീം: സർ, കുളിമാട് എന്ന സ്ഥലം എന്റെ നിയോജ മണ്ഡലത്തിലുൾപ്പെടുന്ന സ്ഥലമാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ അന്വേഷണ റിപ്പോർട്ടിൽ പാലം നിർമ്മാണത്തിൽ യാതൊരു അപാകതയുമില്ലെന്നാണ് നാട്ടുകാർ മുഴുവൻ കണ്ടെത്തിയിട്ടുള്ളതും അതാണ് വസ്തുതയും. മേൽ സാഹചര്യത്തിൽ ഈ പാലത്തിന്റെ നിർമ്മാണം ധ്രുതഗതിയിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; അതുപോലെതന്നെ കൂടാതെ പ്രവൃത്തികൾ ഏൽപ്പിക്കണമെന്ന് എം.എൽ.എ.-മാർ ഒന്നടങ്കം ആവശ്യപ്പെടുന്ന ഊരാളുങ്കൾ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള പ്രചാരണങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കുളിമാട് പാലത്തിന്റെ നിർമ്മാണം ഈ പറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നടത്തണമെന്നുള്ള കാര്യം കൃത്യമായി അറിയിച്ചിട്ടുണ്ട്. നല്ല നിലയിൽ പ്രവൃത്തി

ചെയ്യുകയാണെങ്കിൽ ഏത് പ്രചാരണം ഏത് നിലയിൽ നടത്തിയാലും അത് ഏശാൻ പോകുന്നില്ലെന്ന കാര്യം നമുക്കെല്ലാം അറിയാവുന്നതാണ്. ആ നിലയിൽ നല്ല നിലയിൽ പ്രവൃത്തി നടത്തുന്നവരെ പ്രോത്സാഹിപ്പിക്കാനും അല്ലാത്തവർക്കെതിരെ കർശന നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകാനുമുള്ള സമീപനമാണ് വകുപ്പ് സ്വീകരിച്ചുവരുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പാലാരിവട്ടം പാലവുമായി ബന്ധപ്പെട്ട ചോദ്യത്തിനുള്ള മറുപടിയിൽ പി.ഡബ്ല്യൂ.ഡി. മാന്വലിന് വിരുദ്ധമായി മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തുവെന്നുള്ളതാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. പി.ഡബ്ല്യൂ.ഡി. മാന്വലിന് വിരുദ്ധമായി മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തുവെങ്കിൽ അത് തെറ്റായ നടപടിയാണ്. മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തതിന്റെ പേരിൽ പാലം തകരുമോ? അപ്പോൾ പിന്നെ പാലം തകർന്നതിന് മന്ത്രി എങ്ങനെയാണ് ഉത്തരവാദിയായത്? കൂളിമാട് പാലം തകർന്നതിന് ഉത്തരവാദികളായവരെ കൃത്യമായി കണ്ടെത്തുന്ന കാര്യത്തിൽ കാലതാമസമുണ്ടായെന്ന് മാത്രമല്ല, അക്കാര്യത്തിൽ യാതൊരു തീരുമാനവുമുണ്ടായില്ലെന്നതാണ് വസ്തുത. പാലാരിവട്ടം പാലവുമായി

ബന്ധപ്പെട്ട്, നേരത്തെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ അതിന്റെ കരാറുകാരെ ബ്ലാക്ക് ലിസ്റ്റ് ചെയ്തു. കൂളിമാട് പാലം നിർമ്മാണത്തിൽ തെറ്റുകാരായ കരാറുകാർക്ക് സംസ്ഥാനത്തെ ഏറ്റവും നല്ല സഹകരണ സ്ഥാപനത്തിനുള്ള അവാർഡ് കൊടുത്തു. ഇതെന്ത് നീതിപൂർവ്വമായ തീരുമാനമാണ്. ആര് തെറ്റുചെയ്താലും അവരുടെ ഭാഗത്ത് തെറ്റുണ്ടെങ്കിൽ തിരുത്താൻ തയ്യാറാകണം. അല്ലെങ്കിൽ അവരെ കുറ്റക്കാരായി പ്രഖ്യാപിക്കുകയും ഉത്തരവാദിത്തം ഏറ്റെടുക്കുകയും വേണ്ടേ? എത്രയോ കോടി രൂപ മുടക്കി നടത്തിയ നിർമ്മാണപ്രവർത്തനങ്ങളാണ് ഇങ്ങനെ തകർന്നുവീഴുന്നത്. ഇപ്പോൾ ശംഖുംമുഖത്തും ഇങ്ങനെ സംഭവിച്ചു, അതുപോലെ പുതുക്കാട് ഒരു കെട്ടിടം തകർന്നുവീണു, ഇങ്ങനെ നിരവധി സംഭവങ്ങൾ സംസ്ഥാനത്തുണ്ടാകുന്നു. അവിടെ എവിടെയെങ്കിലും കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കരാറുകാർക്കെതിരെ കർശനമായ നടപടി സ്വീകരിച്ച് മുന്നോട്ടുപോകാമെന്നത് പ്രതിപക്ഷമുൾപ്പെടെ അംഗീകരിച്ച കാര്യമാണ്. കേരളത്തിൽ പരിപാലന കാലാവധി പരസ്യപ്പെടുത്തുന്ന ബോർഡ് നിയമസഭാ മണ്ഡലങ്ങളിൽ

സ്ഥാപിച്ച ഘട്ടത്തിൽ, പറവൂർ നിയോജകമണ്ഡലത്തിൽ മാതൃകാപരമായ നിലപാടാണ് സ്വീകരിച്ചത്. അതിന്റെ ഉൽഘാടനം നിർവ്വഹിച്ച വ്യക്തികൂടിയാണ് അങ്ങെന്ന കാര്യം ഓർമ്മപ്പെടുത്തുകയാണ്. അക്കാര്യം പൊതുവെ എല്ലാവരും ചേർന്ന് ചർച്ച ചെയ്ത് നടപ്പാക്കിയ തീരുമാനമാണ്. ഒരു നിർമ്മാണത്തിൽ കൃത്യമായി ഇടപെട്ട്, നിർമ്മാണം നടത്തി പരിപാലന കാലാവധിയിലുൾപ്പെടെയുള്ള പോരായ്മകൾ വരാതിരിക്കാൻ ശ്രദ്ധിക്കാനും ഇനി പോരായ്മകൾ സംഭവിച്ചാൽ അതിനുള്ള ഉത്തരവാദിത്തം പി.ഡബ്ല്യൂ.ഡി. മാന്വവൽ പ്രകാരം കരാറുകാർക്കാണെന്നുള്ളത് നമ്മളെല്ലാം ചേർന്നെടുത്ത തീരുമാനമാണ്. അതിലൊന്നും സർക്കാരിന് വേറെയൊരു നിലയിലുള്ള താൽപര്യവുമില്ലെന്നുള്ള കാര്യം അങ്ങേയ്ക്കുൾപ്പെടെ അറിയുന്ന കാര്യമാണ്. രണ്ടാമത്തെ പ്രശ്നം, പാലാരിവട്ടം പാലത്തിന്റെ കാര്യം പറഞ്ഞു, അതിന്മേൽ അന്വേഷണം നടന്നുവരികയാണ്. മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തത് ശരിയാണെന്നുള്ള അഭിപ്രായം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനുണ്ടോ; ഒരു കരാറിലെടുത്ത തീരുമാനത്തിന് വിരുദ്ധമായി എന്തിന് മന്ത്രി ഇടപെട്ടു? ഇതെല്ലാം എന്നെക്കൊണ്ട് നിർബന്ധിച്ച് പറയിക്കുന്നതെന്തിനാണെന്ന് ഇവിടെ കേൾക്കുന്ന

എല്ലാവർക്കുമറിയാവുന്നതാണ്. അപ്പോൾ ഒരു മന്ത്രി എന്തിനാണ് ഇടപെട്ടത്. രണ്ടാമതായി, സിമന്റിന്റെന്റെയും കമ്പിയുടേയും പ്രശ്നം. അതിനെപ്പറ്റി ഞാൻ നേരത്തെ പറഞ്ഞിരുന്നു, ഇനി വിശദമായി പറയണമെങ്കിൽ പറയാം. പൊതുമരാമത്തു വകുപ്പുസെക്രട്ടറിയാണ് ഇക്കാര്യത്തിൽ കൃത്യമായ നിലപാട് സ്വീകരിച്ചത്. അപ്പോൾ പാലാരിവട്ടം പാലത്തിന്റെ കാര്യം എന്താണെന്ന് എല്ലാവർക്കുമറിയാവുന്നതാണ്. ഇനി പൊതുവെയുള്ള കാര്യം പരിശോധിച്ചുനോക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുതന്നെ സൂചിപ്പിച്ച ഒരു വിഷയമുണ്ട്. അദ്ദേഹം ഒരു പ്രത്യേക കരാറു കമ്പനിയെക്കുറിച്ച് പറഞ്ഞതെന്തിനാണെന്ന് എനിക്കറിയില്ല. അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ മുതിർന്ന നേതാക്കന്മാർ ഇതുമായി ബന്ധപ്പെട്ട് നൽകിയ കത്ത് സർക്കാരിന്റെ മുമ്പിലുണ്ട്. ഇതേ കമ്പനിതന്നെ എന്റെ മണ്ഡലത്തിലെ പ്രവൃത്തിക്കും വേണമെന്ന് ആ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഞാൻ ഒരാളുടേയും പേര് ഇവിടെ പറയാൻ ഉദ്ദേശിക്കുന്നില്ല, വെറുതെ പേര് പറഞ്ഞ് വിവാദത്തിലേയ്ക്ക് പോകണ്ട. അത് എന്നെക്കൊണ്ട് പറയിപ്പിക്കാൻവേണ്ടിയാണെങ്കിൽ...എന്തായാലും ഇപ്പോൾ അതൊന്നും പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അതിൽ അവരെ ഞാൻ തെറ്റ

പറയുന്നില്ല, കാരണം അത് ആ കമ്പനിയുടെ ക്രെഡിബിലിറ്റിയുമായി ബന്ധപ്പെട്ട പ്രശ്നമാണ്. രണ്ടാമത്തെ വിഷയം, പ്രതിപക്ഷ നേതാവിന്റെ മണ്ഡലത്തിൽ 2016 മേയ് മാസത്തിൽ, മണ്ഡലത്തിലെ സ്റ്റേഷൻകടവ് വലിയപഴമ്പിള്ളി തുരുത്തുപാലം നിർമ്മാണത്തിനിടെ ഗർഡർ തകർന്നുവീണ് ഒരാൾ മരിക്കാനിടയായ കാര്യം അദ്ദേഹം ഓർക്കുന്നുണ്ടാകും. അന്ന് യു.ഡി.എഫ്. സ്വീകരിച്ച സമീപനമെന്താണെന്ന് ഞാൻ പ്രത്യേകം പറയേണ്ടതുണ്ടോ; ഇനിയുമുണ്ട് സംഭവങ്ങൾ, അതിന് തൊട്ടടുത്തുള്ള മണ്ഡലത്തിൽ, ഒരു എം.എൽ.എ-യുടെ മണ്ഡലത്തിൽ, ഒരു പാലം നിർമ്മാണത്തിനിടെ തകർന്നുവീണു. ആ എം.എൽ.എ. വിചാരിച്ചിരുന്നുവെങ്കിൽ ആ മന്ത്രിക്ക് രാജി വയ്ക്കാമായിരുന്നു. ആ എം.എൽ.എ.യുടെ പേര് ശ്രീ. ഇബ്രാഹിം കുഞ്ഞെന്നും ആ മന്ത്രിയുടെ പേരും ശ്രീ. ഇബ്രാഹിം കുഞ്ഞെന്നാണ്. ആ മണ്ഡലത്തിന്റെ പേര് കളമശ്ശേരിയെന്നുമാണ്. അപ്പോൾ പാലാരിവട്ടം പാലത്തിന്റെ കാര്യത്തിൽ ഒരു നിലപാടും കൂളിമാട് പാലത്തിന്റെ കാര്യത്തിൽ വേറൊരു നിലപാടും സ്വീകരിക്കുന്ന സമീപനം ശരിയല്ല, ഇതുരണ്ടും രണ്ടാണ്. നിങ്ങൾ പതിനായിരം തവണ പാലാരിവട്ടം പാലം ക്രമക്കേടും കൂളിമാട് പാലത്തിന്റെ

വിഷയവും ഒന്നാണെന്ന് പറഞ്ഞാലും കേരളത്തിലെ ലക്ഷക്കണക്കിന് ജനങ്ങൾ ഒരുപോലെ പറയുന്നത് ഇതുരണ്ടും രണ്ടാണെന്നാണ്. അതെത്രയായാലും ഒന്നാക്കാൻ ശ്രമിക്കരുത്, പാലാരിവട്ടത്തിന്റെ ഹാംഗോവർ മാറാത്തവരോ അല്ലെങ്കിൽ പാലാരിവട്ടം സംഭവം വളരെ ബോധപൂർവ്വം ഓർമ്മപ്പെടുത്തി ചിലരെ കുത്താൻ ശ്രമിക്കുന്നവരാണ് ഇത്തരം നിലപാട് സ്വീകരിക്കുന്നത്.

## വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സ്ത്രീ സുരക്ഷ

(*93) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീമതി. ഉമ തോമസ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

(എ) സംസ്ഥാനത്തെ ചില വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്ത്രീകൾ കൂട്ടബലാൽസംഗമുൾപ്പെടെയുള്ള അതിക്രമങ്ങൾക്കിരയാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അടിയന്തര നടപടി

സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(സി) എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഇരുപത്തിനാല് മണിക്കൂറും വനിത പോലീസിന്റെ സാന്നിധ്യമുള്ള എയ്ഡ് പോസ്റ്റുകളും സി.സി.ടി.വി. ക്യാമറകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

പൊതുമരാമത്ത്- വിനോദസഞ്ചാരവകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ) വിനോദസഞ്ചാരമേഖലയിൽ വിനോദസഞ്ചാരികളായ സ്ത്രീകൾക്കെതിരെ കൂട്ടബലാത്സംഗംപോലുള്ള അതിക്രമങ്ങൾ ഈ സർക്കാരിന്റെ കാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. കേരളത്തിൽ ഇത്തരം സംഭവങ്ങൾ താരതമ്യേന കുറവാണ്. എങ്കിൽതന്നെയും വിനോദസഞ്ചാരികൾക്കുനേരെ അത്തരം അതിക്രമങ്ങൾ ഉണ്ടാവാതിരിക്കുന്നതിനുവേണ്ടി ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽവരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് ബന്ധപ്പെട്ട വകുപ്പുമുഖേന

നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതിനു പുറമെ, പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ, ടൂറിസം പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സ്ത്രീ സൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടിയിട്ടുള്ള ഒരു ബ്രെയിൻ സ്റ്റോമിംങ് വർക്ക്ഷോപ്പ് ഒക്ടോബർ മാസത്തിനുമുൻപായി സംസ്ഥാനത്ത് നടത്തുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഒറ്റയ്ക്കും കൂട്ടായും സ്ത്രീ സഞ്ചാരികൾ എത്തുന്ന ട്രെൻഡ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, സുരക്ഷയുടെ കാര്യത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ, പരിപാലനം എന്നിവയ്ക്കായി യുവജനങ്ങളെ നിയോഗിക്കുന്നതിന് യുവജന ക്ഷേമബോർഡിന്റെ സഹായത്തോടെ ഒരു പദ്ധതി ആലോചനയിലാണ്. ടൂറിസം ക്ലബ്ബുകളേയും ഇത്തരം പ്രവർത്തനങ്ങൾക്ക് നിയോഗിക്കുന്ന കാര്യം ആലോചിക്കുന്നുണ്ട്.

(ബി) വിനോദ സഞ്ചാര മേഖലയിലെ കുട്ടികളുടെ സുരക്ഷ ഒരു പ്രധാന

അജണ്ടയായി ഏറ്റെടുത്തിട്ടുള്ള സംസ്ഥാനമാണ് കേരളം. കുട്ടികൾക്കായുള്ള സുരക്ഷിതത്വത്തിനുവേണ്ടി 'സീറോ ടോളറൻസ് സോൺ' ക്യാമ്പയിൻ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ആരംഭിച്ചിട്ടുണ്ട്. കൂടാതെ കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും, മറ്റു ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 ലൈഫ് ഗാർഡുകൾ സേവനമനുഷ്ഠിക്കുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിയിട്ടുണ്ട്.

(സി) ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറാ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി വകുപ്പ് സ്വീകരിച്ചുവരികയാണ്. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി, കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ

ക്യാമറകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് പോലീസ് അധികാരികൾ, ഇതര വകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിച്ചു വരുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഈ സർക്കാരിന്റെ കാലത്ത് സ്ത്രീകൾക്കുനേരെ അതിക്രമങ്ങൾ നടന്നിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയായിരിക്കും. എന്നാൽ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2018 മെയ് 14-ാം തീയതി കോവളത്ത് ലാത്വിയൻ വിനോദസഞ്ചാരിയായ ഒരു യുവതി ക്രൂരമായ ബലാത്സംഗത്തിനിരയായി കൊല്ലപ്പെട്ട സംഭവം കേരളത്തിനുണ്ടാക്കിയ അവമതിപ്പ് ചെറുതല്ല. എന്റെ ചോദ്യം, വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുണ്ടാകുന്ന അക്രമങ്ങൾ തടയുന്നതിനും അവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് Tourism Regulatory Authority of Kerala രൂപീകരിക്കുമെന്ന് നേരത്തെ ചർച്ച ചെയ്തിരുന്നു. പ്രസ്തുത അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനമെന്താണ്; ഇല്ലെങ്കിൽ അങ്ങനെയൊരു അതോറിറ്റി രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട അംഗം ഞാനിവിടെ പറയാത്ത കാര്യമാണ് പറഞ്ഞിട്ടുള്ളത്. അതിക്രമങ്ങളൊന്നും

നടന്നിട്ടില്ലെന്ന് ഞാനെവിടെയും പറഞ്ഞിട്ടില്ല. അദ്ദേഹമുയർത്തിയ ചോദ്യത്തെക്കുറിച്ചാണ് ഞാൻ ഇവിടെ പറഞ്ഞത്. സംസ്ഥാനത്തെ ചില വിനോദസഞ്ചാരകേന്ദ്രങ്ങളിൽ സ്ത്രീകൾ കൂട്ടബലാത്സംഗം ഉൾപ്പെടെയുള്ള അതിക്രമങ്ങൾക്ക് ഇരയാകുന്നുവെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചിരുന്നത്. കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ എല്ലാ ദിവസവും കൂട്ടബലാത്സംഗങ്ങൾ നടക്കുകയാണെന്നല്ലേ ആ ചോദ്യം കേട്ടാൽ തോന്നുകയുള്ളൂ. ഇത് വാർത്തയായാൽ കേരളത്തിന് പുറത്തുള്ള ഏതെങ്കിലുമൊരു സഞ്ചാരി കേരളത്തിലേയ്ക്ക് വരുമോ? ടൂറിസം കേന്ദ്രങ്ങൾ മാത്രമല്ല, ഇന്ത്യയിലെ പൊതുവെയുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ കേരളത്തിൽ ഇത്തരം അതിക്രമങ്ങൾ കുറവാണെന്നത് വസ്തുതയാണ്. ബഹുമാനപ്പെട്ട അംഗം എന്തുകൊണ്ടാണ് അങ്ങനെ പറഞ്ഞതെന്ന് എനിക്കറിയില്ല. അതിന്റെ ഭാഗമായിട്ടാണ് കേരളത്തിലത് കുറവാണെന്ന് ഞാനിവിടെ മറുപടിയിൽ സൂചിപ്പിച്ചത്. അല്ലാതെ തീരെയില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. അങ്ങനെ അദ്ദേഹമിവിടെ പറഞ്ഞത് ശരിയല്ല. പ്രസ്തുത വിഷയം സംബന്ധിച്ച് സ്വീകരിച്ച നിലപാടുകളെ കുറിച്ച് ഇവിടെ പറഞ്ഞിട്ടുണ്ട്. പൊതുവെ ആ നിലപാട് സ്വീകരിച്ചുവരുന്നുണ്ട്.

കേരളത്തിൽ ഇത്തരം അതിക്രമങ്ങൾ പൊതുവെ കുറവാണ്. ഇക്കാര്യത്തിൽ ആവശ്യമായ സുരക്ഷയും മറ്റ് കാര്യങ്ങളും സംവിധാനങ്ങളുമൊരുക്കാൻ വേണ്ടിയുള്ള എല്ലാ നിലയിലുമുള്ള ഇടപെടലുകളും ഇപ്പോൾ സർക്കാർ നടത്തിവരുന്നുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സ്ത്രീകൾ ഒറ്റയ്ക്കോ സുഹൃത്തുക്കൾക്കൊപ്പമോ യാത്ര ചെയ്യുന്ന 'The Girlfriend Getaway' എന്നതാണ് പാശ്ചാത്യ രാജ്യങ്ങളിലെ പ്രധാനപ്പെട്ട പുതിയ ടൂറിസം ട്രെൻഡ്. ഈ മേഖലയിൽ ആഗോള തലത്തിൽ ഏതാണ്ട് 200 മില്ല്യൺ ഡോളറിന്റെ വിനിമയം നടക്കുന്നതായിട്ടാണ് വിവരം. ഈ മേഖലയുമായി ബന്ധപ്പെട്ട് കേരള ടൂറിസം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; ഈ മേഖലയെ ആകർഷിക്കാൻ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് എന്നത് വ്യക്തമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വളരെ പ്രസക്തമായൊരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഇതൊരു വേൾഡ് ട്രെൻഡാണ്. സ്ത്രീകൾ ഒറ്റയ്ക്കും കൂട്ടമായും യാത്ര ചെയ്യുക എന്നുള്ളൊരു ട്രെൻഡ് വരുന്നു. ഞാൻ കഴിഞ്ഞ സഭാ സമ്മേളനത്തിൽ പറഞ്ഞു, ഒരു

റിവഞ്ച് ടൂറിസത്തിന്റെ കാലമാണ്. ആളുകൾ വീട്ടിൽ ഇരുന്നിരുന്ന് അവസാനം യാത്ര ചെയ്യാനുള്ള വല്ലാത്ത താൽപര്യംകൊണ്ട്, പ്രതികാര മനോഭാവത്തോടുകൂടി ഇത്രയുംകാലം തടഞ്ഞുവച്ചു, ഇനി ഞാൻ സഞ്ചരിക്കും എന്നുള്ള മനോഭാവം വരികയാണ്. ഇത് എല്ലാ മേഖലയിലും കാണാനുണ്ട്, സ്ത്രീകൾക്കിടയിൽ പ്രത്യേകിച്ച്. കൂട്ടമായി പോകുകയാണ്. ഇതിനെ വളരെ ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള നിലപാട് കേരള ടൂറിസം വകുപ്പ് സ്വീകരിച്ചു. ഇത്തരം കാര്യങ്ങളെ പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചു. ചില നിയമസഭാ മണ്ഡലങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് പ്രത്യേക ബൈക്ക് യാത്രകളും ഇതിന്റെ പ്രചരണാർത്ഥം പല നിലപാടുകളും സ്വീകരിച്ചു. ഇത്തരം കാര്യങ്ങളിൽ വളരെ ശ്രദ്ധിച്ചുള്ള ഇടപെടലാണ് ടൂറിസം വകുപ്പും സർക്കാരും നടത്തുന്നത്. 2022 ക്വാർട്ടറിൽ, ഇതുമായി ബന്ധപ്പെട്ട് ഏറ്റവുംകൂടുതൽ സാധ്യത ആഭ്യന്തര സഞ്ചാരികളുടേതാണെന്ന് കണ്ടതിന്റെ ഭാഗമായി കേരളത്തിന്റെ ചരിത്രത്തിൽ 5 ജില്ലകളിൽ, ആ ജില്ല രൂപം കൊണ്ടതിനുശേഷം ഇന്നുവരെയില്ലാത്ത ആഭ്യന്തര സഞ്ചാരികളുടെ എണ്ണം സർവ്വകാല റിക്കാർഡോടുകൂടി വന്നുവെന്നത് ഈ സഭയെ പ്രത്യേകം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങിവിടെ ചോദിച്ച ചോദ്യം

സംബന്ധിച്ച്, ഐ.റ്റി. മേഖലയിലുള്ളവരാണ് ഈ നിലപാട് ഏറ്റവുമധികം സ്വീകരിക്കുന്നത്. ഇന്ത്യയിലെ പ്രധാനപ്പെട്ടൊരു ഐ.റ്റി. ഹബ്ബാണ് ബാംഗ്ലൂർ. അവിടെ വയനാട് ടൂറിസത്തിന്റെ പ്രത്യേക മാർക്കറ്റിംഗ് നടത്തി. ബാംഗ്ലൂരിലെ എഫ്.എം. റേഡിയോ, ന്യൂസ് പേപ്പർ, സിനിമാ തിയേറ്ററുകൾ എന്നിവിടങ്ങളിലെല്ലാം ഇതുസംബന്ധിച്ച പരസ്യങ്ങൾ നൽകി. ബാംഗ്ലൂരും വയനാടും തമ്മിലുള്ള ഡിസ്റ്റൻസിന്റെ പ്രശ്നം നമുക്കറിയാം. വയനാടിന് കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്ത് എത്തുന്നതിനേക്കാൾ അടുത്താണ് ബാംഗ്ലൂർ. ഈ പ്രചാരണം ബാംഗ്ലൂരിലുള്ള ഒരുപാട് യുവതികൾ, ഐ.റ്റി. മേഖലയിൽ പ്രവർത്തിക്കുന്നവർ കൂട്ടമായി വയനാട്ടിലേയ്ക്ക് വരുന്നതിന് കാരണമായി. വയനാട് ജില്ല രൂപം കൊണ്ടതിനുശേഷം 2022 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഫസ്റ്റ് ക്വാർട്ടറിലെ കണക്കിൽ വയനാടിന്റെ ചരിത്രത്തിൽത്തന്നെ ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി. മൂന്ന് എം.എൽ.എ.മാർ ഇവിടെയുണ്ട്. അതിന് ഇത്തരം കാമ്പയിനുകൾ സഹായിച്ചു. സ്ത്രീകൾ ഉൾപ്പെടെയുള്ള ടൂറിസ്റ്റുകൾ വരുന്ന സ്ഥിതിയുണ്ട്.

<u>ശ്രീമതി ഉമാ തോമസ്</u>: സർ, സംസ്ഥാനത്തെ വിനോദസഞ്ചാര

കേന്ദ്രങ്ങളിലെ പ്രശ്നങ്ങൾക്ക് ഒരു പ്രധാന കാരണം ഇവിടങ്ങളിലെ ലഹരി മരുന്നുകളുടെ ഉപയോഗമാണ്. അംഗീകാരമില്ലാത്ത ഹോം സ്റ്റേകളും പഞ്ചകർമ്മ സെന്ററുകളും ഗൈഡുകളുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന സാമൂഹ്യ വിരുദ്ധരുമാണ് ഇതിന് പ്രധാന കാരണം. ആയതിനാൽ അത്തരം മേഖലകളിലെ ലഹരിമരുന്ന് വിതരണവും ഉപയോഗവും തടയുന്നതിനും സ്ത്രീകൾക്ക് കൂടുതൽ സുരക്ഷ ഉറപ്പാക്കുന്നതിനുമായി വിനോദസഞ്ചാര മേഖലകളിൽ പോലീസിനോടൊപ്പം എക്സൈസ് ഉദ്യോഗസ്ഥരെയും കൂടുതൽ വനിതാ സുരക്ഷാ ജീവനക്കാരെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, ധാരാളം കൂട്ടമായ അക്രമണം നടന്നിട്ടില്ല എന്നത് ശരിയാണെങ്കിലും ഒറ്റപ്പെട്ട് നടക്കുന്നതും അപലപനീയമാണെന്നത് പ്രത്യേകം പറയാൻ ആഗ്രഹിക്കുന്നു. ഒരു മൊബൈൽ ആപ്ലിക്കേഷൻ വഴി ഇതിനെല്ലാമൊരു നടപടിയുണ്ടാകണം. അതിനുള്ള നടപടിയുണ്ടാകുമോ എന്നാണ് അറിയേണ്ടത്?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് വളരെ ശരിയാണ്. ഒരു സംഭവവും ഉണ്ടാകാൻ പാടില്ല. അതിനായി നമ്മളെല്ലാവരും കൈകോർക്കേണ്ടതാണ്. മയക്കുമരുന്ന്, മറ്റ്

അരാചകത്വ പ്രവണതകൾ എന്നിവ കേരളത്തിൽ പൊതുവെ കുറവാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെടുത്ത് പരിശോധിച്ചാൽ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കേരളത്തിലത് പൊതുവെ കുറവാണ്. എന്നാൽ തീരെയില്ലാതാക്കാനുള്ള ശ്രമമാണ് ടൂറിസം വകുപ്പ് മറ്റ് വകുപ്പുകളുടെ സഹായത്തോടുകൂടി നടത്തുന്നത്. ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പരിപാലനം, സുരക്ഷ, മറ്റ് കാര്യങ്ങൾ, മാർക്കറ്റിംഗ് എന്നിവയ്ക്കായി യുവജനങ്ങളെ കൊണ്ടുവരാനുള്ള ശ്രമമാണ് ഇപ്പോൾ നടത്തുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്നിവരുമായി ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തി. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ടൂറിസം വകുപ്പിന്റെ ഭാഗമായി ഞങ്ങളും കൂടിയിരുന്നുകൊണ്ട് ചില തീരുമാനങ്ങളെടുത്തു. കേരളത്തിലെ കലാലയങ്ങളിൽ ടൂറിസം ക്ലബ്ബുകളെ സജീവമാക്കി മാറ്റുകയെന്ന ഉത്തരവാദിത്തമാണ് ഇതിന്റെ ഭാഗമായി എടുക്കാൻ തീരുമാനിച്ചത്. ഓരോ കാമ്പസുകൾക്കും ഒരു പ്രത്യേക ഡെസ്റ്റിനേഷന്റെ ചുമതല കൊടുത്തുകൊണ്ട് അത് കൃത്യമായി മാർക്ക് ചെയ്ത് ഇടപെടുന്നൊരു രീതി. ബഹുമാനപ്പെട്ട യുവജനക്ഷേമ ബോർഡ് വകുപ്പുമന്ത്രി ഇവിടെയുണ്ട്. അദ്ദേഹവുമായി ചർച്ച ചെയ്തുകൊണ്ട് അതുമായി ബന്ധപ്പെട്ട

നിലപാടുകൾ സ്വീകരിച്ചു. ഇതോടൊപ്പം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഇത്തരം കാര്യങ്ങളിൽ നമുക്ക് കൂട്ടായി, ഒരു ടീമായി നിന്നുകൊണ്ട് അത്തരം തെറ്റായ പ്രവണതകൾ ഇല്ലാതാക്കാൻ ഒരുമിച്ച് നിലകൊള്ളാവുന്നതാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വിനോദസഞ്ചാര മേഖലകളിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും സേവനങ്ങളും ഗുണമേന്മയും സഞ്ചാരികളുടെ സുരക്ഷയും ഉറപ്പാക്കുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ/സ്വകാര്യ ഏജൻസികളുടെ ഫലപ്രദമായ ഏകോപനത്തിനും പദ്ധതി തയ്യാറാക്കുമോ; അതോടൊപ്പംതന്നെ വിനോദസഞ്ചാര മേഖലകളിലുണ്ടാകുന്ന അപകടങ്ങൾ, മരണങ്ങൾ എന്നിവ വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ജനങ്ങളെ ടൂറിസവുമായി കൂടുതൽക്കൂടുതൽ അടുപ്പിക്കുക എന്നതാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിനുള്ള ഉത്തരമായി കാണുന്നത്. ജനങ്ങൾ ടൂറിസത്തിൽനിന്നും അകന്നുപോകേണ്ടവരല്ല. നമ്മുടെ നാട്ടിലെ ടൂറിസം വികസിക്കുമ്പോൾ

സാധാരണക്കാരുൾപ്പെടെയുള്ള ജനങ്ങളുടെ ദൈനംദിന ജീവിതത്തിലും മാറ്റമുണ്ടാകുന്നു. അതിനാണ് ഈ സർക്കാർ ഉത്തരവാദിത്ത ടൂറിസം വളരെ ഫലപ്രദമായി നടപ്പിലാക്കുന്നത്. ഉത്തരവാദിത്ത ടൂറിസം വളരെ നല്ലൊരു മാതൃകയാണ്. അത് ലോകത്തിനുതന്നെ മാതൃകയായതുകൊണ്ടാണ് ഉത്തരവാദിത്ത ടൂറിസം മിഷന് ലോകത്തുതന്നെ യു.കെ.-യിൽപ്പോയി അവാർഡ് ലഭിക്കാൻ ഈയിടെ കാരണമായി മാറിയിട്ടുള്ളതെന്നത് ഞാനിവിടെ പ്രത്യേകം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ മറ്റ് കാര്യങ്ങളെല്ലാംതന്നെ പരിശോധിച്ച് എല്ലാവരേയും യോജിപ്പിച്ചുകൊണ്ടുള്ള നിലപാട് സ്വീകരിക്കുന്നതാണ്. ഇതിൽ പരമപ്രധാനം, ഓരോ പൗരനും തന്റെ പ്രദേശത്ത് ടൂറിസം വികസിച്ചാൽ തന്റെ ജീവിതത്തിലുൾപ്പെടെ മാറ്റങ്ങൾക്ക് കാരണമാകുമെന്നുള്ള തിരിച്ചറിവും അതിന്റെ ഭാഗമായി ശുചിത്വം, ഇപ്പറഞ്ഞ തെറ്റായ പ്രവണതകൾ, അത് ആ പ്രദേശത്ത് ഇല്ലാതിരിക്കാൻവേണ്ടി ഓരോ പൗരനും സ്വയം ഇടപെടുന്നൊരു രീതി നമുക്ക് ആവിഷ്കരിക്കാനാകണം. തന്റെ പ്രദേശത്തെ ടൂറിസത്തെ വികസിപ്പിക്കുവാനുള്ള ബ്രാൻഡ് അംബാസിഡറായി ഓരോ പൗരനെയും മാറ്റിത്തീർക്കുവാനുള്ള, ടൂറിസവും ജനങ്ങളും തമ്മിലടുക്കുന്ന ജനകീയ

ടൂറിസമാണ് സർക്കാരിന്റെ പ്രധാനപ്പെട്ട ലക്ഷ്യം.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, വിനോദസഞ്ചാര കേന്ദ്രങ്ങൾ സാധാരണ നിലയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ടൊരു ടൂറിസ്റ്റ് കേന്ദ്രമാണ് നെയ്യാൽ ഡാം. അവിടെ ഒരു ടൂറിസ്റ്റ് പോലീസ് സ്റ്റേഷൻ ഉദ്ഘാടനം ചെയ്തിരുന്നുവെങ്കിലും ആവശ്യമായ ഉദ്യോഗസ്ഥരെ വിന്യസിപ്പിച്ചിട്ടില്ല. ആഭ്യന്തര വകുപ്പുമായി ചേർന്ന് പ്രസ്തുത പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ത്വരിതപ്പെടുത്താനാകുമോ എന്നതാണ് എന്റെ ചോദ്യം?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, അത് എന്താണെന്നത് പരിശോധിക്കാം. മറ്റ് വകുപ്പുമായി ബന്ധപ്പെട്ട വിഷയമായതുകൊണ്ട് പരിശോധിച്ച് മറുപടി പറയാം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> സർ, കേരളത്തിലെ ജലാശയങ്ങളിൽ, പ്രത്യേകിച്ച് കായലുകളിൽ രണ്ടായിരത്തിലധികം ഹൗസ് ബോട്ടുകളാണുള്ളത്. കായലിലെ ജലം മുഴുവൻ മലിനമാണ്. അതിലെ വെള്ളമെടുത്ത് പരിശോധിച്ചാൽ അക്കാര്യം കൃത്യമായി മനസ്സിലാകും. മാലിന്യങ്ങൾ ഉണ്ടാക്കുന്നതിലെ ഏറ്റവും പ്രധാനപ്പെട്ടൊരു ഘടകം ഹൗസ്

ബോട്ടുകളാണ്. ഇത് നിയന്ത്രിക്കുന്നതിനുവേണ്ടി എന്ത് നടപടിയാണ് സ്വീകരിക്കുക?

മി. സ്പീക്കർ: ചോദ്യോത്തര സമയം അവസാനിച്ചിരിക്കുന്നു. പ്രസ്തുത ചോദ്യത്തിനുള്ള ഉത്തരം ബഹുമാനപ്പെട്ട അംഗത്തിന് രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)